fmpb

# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 14 | ലക്കം 9 | സെപ്റ്റംബർ 2024

**“ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?.” അ. പ്ര. 11:17**

# ദൈവം ദഹിപ്പിക്കുന്ന അഗ്നി



ഞാൻ ആർ

2 ശമുവേൽ 7:18

## പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ എതിർക്കാൻ ഞാൻ ആരാണ്?



# ആമുഖം ...

## പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക

“എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്താണ്” എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുവാൻ എന്റെ ജീവിതത്തിൽ ഞാൻ ശ്രമിക്കുമ്പോൾ എന്തുകൊണ്ടാണ് തടസ്സങ്ങൾ ഉണ്ടാകുന്നത്? ദൈവം നൽകിയ ദൗത്യം പൂർത്തീകരിക്കുവാൻ എന്നെ ആരും സഹായിക്കുകയില്ലയോ? നമ്മുടെ ആത്മീക യാത്രയിൽ ഇത്തരത്തിലുള്ള ചിന്തകൾ നമ്മിൽ ഉണ്ടാകാറുണ്ട്.

പഴയനിയമ കാലഘട്ടത്തിൽ പരിശുദ്ധാത്മാവ് വ്യക്തികളെ - നേതാക്കന്മാരായും പ്രവചാകന്മാരായും ന്യായാധിപന്മാരായും വിളിക്കുന്നതും ദൈവീക പദ്ധതി അവരിലൂടെ ചെയ്തെടുക്കുവാൻ പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങിവരുന്നതും നാം കാണുന്നു (സംഖ്യ.11:17,25; 27:28; ന്യായാ.15:14; 1.ശമു10:6,10;16:13-14). മറിയ, സ്തെഫാനോസ്, പൗലൊസ്, പത്രോസ് എന്നിവർ പരിശുദ്ധാത്മാവിനാൽ നിറയുന്നു എന്നു പുതിയ നിയമത്തിലും നാം വായിക്കുന്നു. പരിശുദ്ധാത്മാവ് ചിലരുടെമേൽ വന്നു ആവസിക്കുമ്പോൾ അവർക്കു വങ്കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു. നമ്മോടു കൂടെ വസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ അയച്ചു തരാമെന്നു യേശുക്രിസ്തു ലൂക്കൊസ് 24:49 ൽ വാഗ്ദത്തം ചെയ്തിരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മെ ഉത്സാഹിപ്പിക്കും, ശക്തീകരിക്കും, സകല സത്യത്തിലും വഴിനടത്തും, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും (യോഹ.16:7,8). എന്നിട്ടും ദൈവത്തിന്റെ പദ്ധതി നിവർത്തിയാകാതിരിക്കുവാൻ സാത്താൻ അനേക ആളുകളെ ഉപയോഗിക്കുന്നതായും നാം കാണുന്നു. എന്നിരുന്നാലും പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ട ദൈവമക്കൾ ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു.

മോശെയെ കൊല്ലുവാൻ പദ്ധതിയിട്ട ഫറവോന്റെ കൈയ്യിൽ നിന്നും ദൈവം മോശെയെ സംരക്ഷിച്ചു യിസ്രായേൽ ജനതയുടെ നേതാവാക്കി. ദൈവത്തിന്റെ പദ്ധതി ജോസഫിന്റെ ജീവിതത്തിൽ നിവർത്തികരിക്കപ്പെടാതിരിക്കുവാൻ സ്വന്തം സഹോദരങ്ങൾ തീർത്ത തടസ്സങ്ങളെ നീക്കി ദൈവം ജോസഫിനെ ജനതകൾക്കു അനുഗ്രഹമാക്കി തീർത്തു. പാപം ചെയ്ത ദാവിദിനെ പരിശുദ്ധാത്മാവ് ശാസിച്ചു തിരുത്തി അനുഗ്രഹിച്ചു നമ്മുടെ കർത്താവിന്റെ മുൻഗാമിയാക്കി തീർത്തു. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ദൈവീക പദ്ധതിയെ പോലും സാത്താൻ തടയുവാൻ ശ്രമിച്ചു. സാത്താന്റെ പ്രവർത്തിയെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരാജയപ്പെടുത്തി ക്രിസ്തുവിനെ മുഴുലോകത്തിനും അനുഗ്രഹമാക്കി തീർത്തു.

ഇന്ന് നമ്മുടെ മിഷൻ വയലുകളിലും തടസ്സങ്ങളും എതിർപ്പുകളും ഉണ്ട്. ദൈവത്തിന്റെ പദ്ധതിക്കു തടസ്സം നിൽക്കുന്നവർ സത്താന്റെ കൈയ്യിലെ ആയുധങ്ങളാണ്. എന്നാൽ നമ്മെ എതിർക്കുന്നവർക്കു വേണ്ടി അവരോടു വിദ്വേഷം പുലർത്താതെ നാം പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മെ വിജയത്തിലേക്കു നയിക്കുന്നു മിഷൻ വയലിലുള്ള മിഷനറിമാർക്കു വേണ്ടി പ്രാർത്ഥിക്കുക എന്നത് നമ്മുടെ ചുമതല ആകുന്നു. അങ്ങനെ അവർ നേരിടുന്ന എല്ലാ എതിർപ്പുകളും പ്രതിബന്ധങ്ങളും തരണം ചെയ്യുവാൻ ദൈവം അവരെ ശക്തിപ്പെടുത്തും. ശുദ്ധമല്ലാത്ത പാത്രത്തെ ദൈവത്തിനു ഉപയോഗിക്കുവാൻ കഴിയില്ല. പരിശുദ്ധാത്മാവിന്റെ കരുണക്കായി നമ്മെ പുർണ്ണമായി സമർപ്പിച്ചെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിനു നമ്മെ ശുദ്ധീകരിക്കുവാനും നമ്മുടെ ജീവിതത്തിലും രാജ്യത്തും ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുവാനും സാധിക്കയുള്ളു. പരിശുദ്ധാത്മാവാം ദൈവമേ ഞങ്ങളെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ വിശുദ്ധ കരങ്ങളാൽ ഞങ്ങളെ ശുദ്ധീകരിക്കണമേ!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"എങ്കിലും പിതാവ് എന്റെ
നാമത്തിൽ അയപ്പാനുള്ള
പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ
നിങ്ങൾക്കു സകലവും ഉപദേശിച്ചു
തരികയും ഞാൻ നിങ്ങളോടു
പറഞ്ഞതൊക്കെയും നിങ്ങളെ
ഓർമ്മപ്പെടുത്തുകയും ചെയ്യും. "

– യോഹന്നാൻ. 14:26

"ആത്മാവിനാൽ നിറയുവാൻ നാം
നമ്മെ സ്വയം ശൂന്യമാക്കണം"

"എന്നാൽ പ്രത്യാശ നൽകുന്ന
ദൈവം പരിശുദ്ധാത്മാവിന്റെ
ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ
സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്ന
തിലുള്ള സകല സന്തോഷവും
സമാധാനവും കൊണ്ട് നിങ്ങളെ
നിറെക്കുമാറാകട്ടെ"

– റോമർ. 15:13

" പാപത്തിൽ നിന്നും
ശുദ്ധീകരിക്കപ്പെട്ടതിൽ നാം
സംതൃപ്തരാകരുത്; പരിശുദ്ധാത്മാ
വിനാൽ നാം നിറയപ്പെടണം."

– ജോൺ ഫ്ളെച്ചർ

നിസാര കാര്യങ്ങൾ ചെയ്യുന്നതിനല്ല
ദൈവത്തിന്റെ ആത്മാവിനാൽ
നാം നിറയപ്പെട്ടത്. അസാദ്ധ്യ
കാര്യങ്ങളെ ചെയ്തെടുക്കുവാനാണ്
ദൈവം തന്റെ ആത്മാവിനാൽ
നമ്മെ നിറച്ചത്. – ജോയ്സ് മേയർ


## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

### കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

**FMPB** യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

എന്റെ സമീപത്തുള്ള ഫോണിലെ ക്ലോക്കിൽ സമയം 1.32am എന്നു കാണിക്കുന്നു. ഉത്തർപ്രദേശിലെ ദിവ്യാപൂർ മിഷൻ വയലിൽ ഇരുന്നുകൊണ്ട് മിത്രസമാചാർ മാസികയുടെ എഡിറ്റോറിയൽ എഴുതുവാൻ തുടങ്ങി. രാവിലെ മുതൽ ഗോണ്ട മുതൽ ദിവ്യാപൂർ വരെയുള്ള നാലു മിഷൻ വയലിൽ ശുശ്രൂഷിക്കുന്ന മിഷനറിമാരെ കാണുവാൻ ദൈവം സഹായിച്ചു. സമയക്രമവും യാത്രയും തിരക്കേറിയതും കഠിനതരവുമാണെങ്കിലും മിഷനറിമാരെയും അവരുടെ കുടുംബാംഗങ്ങളെയും കാണുന്നതും അവരെ കേൾക്കുന്നതും ഉന്മേഷദായകവും സമ്പുഷ്ടവുമാണ്.

എല്ലാ വർഷവും സെപ്റ്റംബർ 5 ന് നാം ഇന്ന് ആയിരിക്കുന്ന വിധം നമ്മെ ആക്കിതീർക്കുന്നതിനു പ്രധാന പങ്കു വഹിച്ച അദ്ധ്യാപകരെ സ്മരിക്കാറുണ്ട്. FMPB യുടെ ആരംഭകാല നേതാക്കന്മാരിൽ ഭൂരിപക്ഷവും അദ്ധ്യാപകരായി ജോലി ചെയ്തവരാണ്. രാജ്യത്തെ സുവിശേഷത്താൽ നേടുക എന്ന ദർശനം അവർ തമിഴ്നാടിന്റെ മുക്കിലും മൂലയിലും എത്തിച്ചു. ഈ നേതാക്കന്മാരാൽ ക്രിസ്തുവുമായുള്ള ബന്ധം പരിപോഷിപ്പിക്കപ്പെട്ട യുവ മനസ്സുകൾ ഈ ജീവദായക സുവിശേഷവുമായി ഈ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലേക്കു പോയി. രാജ്യത്തു ആത്മീക രൂപാന്തരീകരണം വരുത്തുന്നതിനു വിപൂലമായ സംഭാവനകൾ നൽകി. എല്ലാ അദ്ധ്യാപകരോടുമുള്ള FMPB യുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു. സദൃശ്യവാക്യം.22:6 നൽകുന്ന ഉപദേശം "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല".

### ബങ്കലൂരിലെ വി ബി എസ് ശുശ്രൂഷകരുമായുള്ള കൂടിക്കാഴ്ച

ബങ്കലൂരിലെ വിബിഎസ് ശുശ്രൂഷയുടെ ഡയറക്ടറന്മാർ ഓഫീസിൽ വന്നു നമ്മെ കണ്ടു. നമ്മുടെ മിഷൻ വയലുകളിലെ കുട്ടികളുടെ ഇടയിൽ അവരുടെ വിബിഎസ് സാമഗ്രികൾ ഉപയോഗിക്കുന്നതിനെ കുറിച്ചു ചർച്ചകൾ നടത്തി.

### IMS നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ച

ഇന്ത്യ മിഷൻ സൊസൈറ്റിയുടെ ബോർഡു അംഗങ്ങളും നേതാക്കളുമായ പന്ത്രണ്ടു പേർ നമ്മുടെ ആസ്ഥാന മന്ദിരം സന്ദർശിച്ചു സംഘടനയുടെയും ശുശ്രൂഷയുടെയും വിവിധ വശങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തി. ഇതു വളരെ അനുഗ്രഹകരവും ഫലകരവുമായിരുന്നു.

## നമ്മുടെ മിഷനറിമാരുടെ ബിരുദധാരരണം

ഝാൻസിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിൽ ക്രമീകരിച്ച ബിരുദ ദാന ചടങ്ങിൽ മിഷനറി പരിശീലനം വിജയകകരമായി പൂർത്തീകരിച്ച നമ്മുടെ പത്തു മിഷനറിമാർക്കു ബിരുദം നൽകി. വിവിധ സഭാവിഭാഗങ്ങളിലെ നേതാക്കന്മാരും വിശ്വാസികളും FMPB യുടെ നേതാക്കന്മാരും പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചു. ദൈവം ഈ മിഷനറിമാരെ വിളിച്ച് ആക്കിയ സ്ഥലത്തേക്കു ജീവിക്കുന്നതിനും സുവിശേഷം പ്രഘോഷിക്കുന്നതിനുമായി കടന്നു പോയി. അവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ദയവായി ഓർക്കുക.

## പുതിയ സംഘത്തിനുള്ള CCC പരിശീലനം

ബിരുദം നേടിയ മിഷനറിമാർക്കു അവസാന ക്ലാസ്സുകൾ എടുത്തത് ഞാനാകുന്നു. അവരുമായി ആശയ വിനിമയം നടത്തുന്നതിനും അവരെ കൂടുതലായി അറിയുന്നതിനും എനിക്കു നല്ല സമയവും അവസരവും ലഭിച്ചു. FMPB യുടെ ശുശ്രൂഷ ശൈലിയെയും മൂല്യങ്ങളെയും കുറിച്ചു ഞങ്ങൾ ചർച്ചകൾ നടത്തി.

## NMC യോഗം, മധുരൈ

നാഷണൽ മിഷൻ കൗൺസിൽ മധുരയിൽ സംഘടിപ്പിച്ച നാലു ദിവസത്തെ യോഗത്തിൽ വിവിധ സംഘടനകളിലെ നേതാക്കന്മാർ സംബന്ധിച്ചു. ഇന്ന് ഇന്ത്യയിലെ സുവിശേഷ പ്രവർത്തനവും പ്രവർത്തകരും നേരിടുന്ന വെല്ലുവിളികളെ കുറിച്ചു ചർച്ചകൾ നടത്തി.

## രോഗികളായ മിഷനറിമാരെ കാണുന്നു

സി എം സി വെല്ലൂരിൽ ചികിത്സയിലായിരിക്കുന്ന മിഷനറിമാരെ സന്ദർശിച്ചു. രോഗികളായ മിഷനറിമാർക്കു വേണ്ടി നാം ദിനം തോറും പ്രാർത്ഥിക്കണമെന്നത് എന്റെ അഭ്യർത്ഥനയാണ്. അവരിൽ ചിലർ മാരകമായ കാൻസർ രോഗ ബാധിതരാണ്. സാധ്യമായ എല്ലാ ചികിത്സകൾ നടത്തിയിട്ടും പൂർണ്ണ സൗഖ്യം ലഭിച്ചിട്ടില്ല. ദൈവത്തിന്റെ സൗഖ്യദായക സ്പർശനത്തിനായി പ്രാർത്ഥിക്കാം.

## FMPB US ത്രൈമാസ യോഗം

സൂം പ്ലാറ്റ്ഫോമിൽ ക്രമീകരിച്ച ഈ യോഗത്തിൽ FMPB യുടെ US ലുള്ള 14 പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ പങ്കെടുത്തു. നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളെ വിലയിരുത്തുകയും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളെ കുറിച്ചു ആലോചിക്കുകയും ചെയ്തു.

## കാൺപൂർ റീജിയൻ സന്ദർശനം

കാൺപൂർ റീജിയനിലെ മിഷൻ വയലുകളും അവിടെ പ്രവർത്തിക്കുന്ന മിഷനറിമാരുടെ ഭവനങ്ങളും സന്ദർശിക്കുന്ന അവസാന ഘട്ടത്തിലാണ് ഞാൻ. ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്ന മിഷനറിമാരും അവിടുത്തെ ശുശ്രൂഷയും ധാരാളം വെല്ലുവിളികൾ നേരിടുകയാണ്. എന്നാൽ ഏറിയ ആവേശത്തോടെ അവിടെ വേല ചെയ്യുന്നു. ഈ സന്ദർശനത്തിൽ പ്രവർത്തന മണ്ഡലത്തിലെ ചില ശൈലികൾ ആധുനിവത്കരിക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾക്കു ബോധ്യമായി. ഈ വിഷയത്തെക്കുറിച്ചു മിഷനറിമാരുമായി ചർച്ചകൾ നടത്തി.

## സജീവ സേവനത്തിൽ വിരമിച്ച മിഷനറിമാരെയും ഗോണ്ട ബാലഭവനത്തിലെ പ്രവർത്തരെയും സന്ദർശിച്ചു

കാൺപൂർ റീജിയൻ സന്ദർശിച്ച വേളയിൽ ഉത്തരേന്ത്യയിലെ ആദ്യ മിഷൻ വയലായ ബസ്തി സന്ദർശിച്ചപ്പോൾ ഞാൻ ആവേശ ഭരിതനായി. 1989 ൽ ജീപ്പ് ടീമിനോടു ചേർന്നു ഞാൻ ഈ മിഷൻ വയലിൽ പോയിരുന്നു. ഹിന്ദി പരിശീലനത്തിനു ശേഷമുള്ള എന്റെ ആദ്യ മിഷൻ വയലും അതായിരുന്നു. സജീവ സേവനത്തിൽ വിരമിച്ചതിനു ശേഷം ബസ്തിയിൽ വിശ്രമ ജീവിതം നയിക്കുന്ന മിഷനറിമാരായ റവ. പീറ്റർ ഹരിറാമിനെയും ഭാര്യയെയും സന്ദർശിക്കുകയും അവരുമായി അല്പ സമയം ചില വഴിക്കുകയും ചെയ്തു. അനേക വർഷങ്ങളായി ഗോണ്ടയിൽ സന്നദ്ധ സേവനം അനുഷ്ഠിക്കുന്ന ശ്രീ. സുന്ദറിനെയും ഞങ്ങൾ സന്ദർശിച്ചു. 1988 ലാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത്. ഇന്നും അദ്ദേഹം കർത്താവിനു വേണ്ടി അദ്ധ്വാനിക്കുന്നു. ഇത്തരത്തിൽ സത്യസന്ധതയോടെയും ആത്മാർത്ഥമായും പ്രവർത്തിക്കുന്ന ദൈവവേലക്കാർക്കായ് നമുക്കു ദൈവത്തെ സ്തുതിക്കാം.

**എന്റെ സെപ്റ്റംബർ മാസത്തെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുക.**

### പട്ടംകൊട ശുശ്രൂഷ

ദൈവകൃപയാൽ ആദരണിയനായ ഗുജറാത്ത് മഹായിടവക ബിഷപ്പ് നമ്മുടെ മിഷനറിമാർക്കും പ്രാദേശിക സുവിശേഷകർക്കും സെപ്റ്റംബർ 2 ന് കശ്ശീശ പട്ടം നൽകുന്നതാണ് ബഹുമാനപ്പെട്ട NELC മോഡറേറ്റർ ജാർഖണ്ഡിലുള്ള നമ്മുടെ മിഷനറിമാർക്കും സുവിശേഷകർക്കും ഡിസംബർ എട്ടാം തീയിതി കശ്ശീശ പട്ടം നൽകുന്നതിനു മുന്നോട്ടു വന്നു. നമ്മുടെ മിഷനറി പ്രവർത്തനത്തോടു അനുഭാവ പൂർവ്വം പ്രവർത്തിക്കുന്ന ബിഷപ്പുമാർക്കായി നമുക്കു ദൈവത്തെ സ്തുതിക്കാം. ഈ രണ്ടു ശുശ്രൂഷകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ഛത്തീസ്ഘട്ട് മിഷൻ വയൽ സന്ദർശനം

ദൈവം സഹായിച്ചാൽ ആദ്യ ആഴ്ച ഛത്തീസ്ഘട്ട് റീജിയൻ മിഷനറിമാരെ സന്ദർശിക്കുന്നതാണ്.

### അസം സന്ദർശനം

രണ്ടാം ആഴ്ചയുടെ അവസാനം ആസം മൊബലൈസേഷൻ മേഖലയിലുള്ള നമ്മുടെ സഹകാരികളുമായി മൂന്നു ദിവസത്തെ യോഗം ക്രമീകരിച്ചിരിക്കുന്നു. തുടർന്നു ബോറോ ബാപ്റ്റിസ്റ്റ് സഭ അസോസിയേഷനുമായി ചേർന്നു പ്രവർത്തിക്കുന്നതിനുള്ള ധാരാണാ പത്രം ഒപ്പിടുന്നതുമാണ്.

### എക്സിക്യൂട്ടിവ് കമ്മറ്റിയും പൊതുയോഗവും

സെപ്റ്റംബർ 21,22 തീയതികളിൽ എക്സിക്യൂട്ടീവ് കമ്മറ്റിയും പൊതുയോഗവും ചേരുന്നതാണ്. ഈ രണ്ടു പ്രധാന യോഗങ്ങളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം

ഡിവിഷണൽ സെക്രട്ടറിമാരുടെ ത്രൈമാസ ഉപവാസ പ്രാർത്ഥനയും ആസൂത്രണ യോഗവും സെപ്റ്റംബർ 24-27 വരെ നടത്തുന്നതാണ്.

### ഉന്നത പഠന സമതി


സെപ്റ്റംബർ 28 ന് ഉന്നത പഠന സമതി ചേർന്ന് ഉന്നത പഠനത്തിനായി മിഷനറിമാർ നൽകിയ അപേക്ഷകളുടെ തീരുമാനം എടുക്കുന്നതാണ്.

## അന്വേഷക കമ്മറ്റി

ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയെയും 50 പുതിയ ജനറൽ ബോഡിയംഗങ്ങളെയും ലഭിക്കേണ്ടതിനായി സംഘടന ദൈവ സന്നിധിയിൽ കാത്തിരിക്കുകയാണ്. ഔദ്യോഗിക ചുമതലക്കരെയും പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിയെയും 50 ജനറൽ ബോഡി അംഗങ്ങളെയും കണ്ടെത്തുന്നതിനുള്ള കമ്മറ്റി ക്രമീകരിച്ചു. അവർ പ്രാർത്ഥനാപൂർവ്വം ശ്രമം തുടരുന്നു. സെപ്റ്റംബർ 22 നു ദൈവത്താൽ നിയോഗിക്കപ്പെട്ട നേതാക്കന്മാരെ ലഭിക്കുന്നതു വരെ ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. സംഘടനയെ അതിന്റെ സ്ഥാപിത ലക്ഷ്യത്തിലേക്കു നയിക്കുവാൻ തക്കവണ്ണം തങ്ങളുടെ പങ്ക് കൃത്യമായി നിർവഹിക്കുവാൻ കഴിവുള്ളവർ ഈ സ്ഥാനത്തു വരേണ്ടതിനായി പ്രാർത്ഥിക്കുക.

FMPB യുടെ പ്രവർത്തനത്തിലുള്ള നിങ്ങളുടെ മനോഹരമായ പങ്കാളിത്വത്തിനും നിങ്ങളുടെ സാമ്പത്തീക സഹായത്തിനും പ്രാർത്ഥനക്കും നിങ്ങളേവരോടുമുള്ള നന്ദിയറിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സുവിശേഷം ശ്രവിക്കാത്തവരെ സുവിശേഷത്താൽ നേടുന്നതിനു നിങ്ങളുടെ പ്രാർത്ഥന ഏറെ സഹായകരമാകുന്നു. ദൈവം നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**

# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar
**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

# BARCODE

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# എല്ലാ മനുഷ്യരാശിക്കും ദൈവത്തിന്റെ രക്ഷ



*"ആകയാൽ കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?"* – അ. പ്രവൃ.11:17

കൈസര്യയിലുള്ള കൊർന്നല്യൊസ് എന്ന ശതാധിപന്റെ വീട്ടിൽ കൂടി വന്ന അഗ്രചർമ്മികളോടു പത്രൊസ് സുവിശേഷം പ്രസംഗിച്ചു എന്നു യരുശലെമിലുള്ള യഹൂദ ക്രിസ്ത്യാനികളും അപ്പൊസ്തലന്മാരും കേട്ട മാത്രയിൽ അവർ കോപിച്ചു. അ.പ്ര. 11:1–3. എന്നിരുന്നാലും പത്രോസ് തനിക്കുണ്ടായ ദർശനത്തെയും അനുഭവത്തെയും വിവരിച്ചു പറഞ്ഞു. അവിടെ കൂടി വന്നവരുടെമേൽ പരിശുദ്ധാത്മാവിന്റെ വ്യാപരം ഉണ്ടായതും അവരെ സ്നാനപ്പെടുത്തിയതും വിവരിച്ചു. അതു ശ്രവിച്ചു കൊണ്ടിരുന്നവർ സത്യത്തോടു എതിർത്തു നിൽക്കാതെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ തുടങ്ങി. (അ. പ്ര. 11:18) ജാതികൾക്കു രക്ഷ എന്ന ദൈവീക പദ്ധതിയെ അവർ സ്വീകരിക്കുകയും ആ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായി അവരെ സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി സുവിശേഷം അനേക രാജ്യങ്ങളിൽ വേഗത്തിൽ പരന്നു എന്ന ചരിത്രം അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ദൈവീക പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങളെ തകർക്കുക

ജാർഖണ്ഡിലെ മാൾട്ടോ ജാതികളുടെ ഇടയിൽ നമ്മുടെ ആദ്യകാല മിഷനറിമാർ പ്രവർത്തിച്ച കാലഘട്ടത്തിൽ മാൾട്ടോ ജനങ്ങളുടെ മദ്ധ്യത്തിലെ രൂപാന്തരത്തിനു സന്താൾ ആദിവാസികൾ സാക്ഷികളായി. രക്ഷയിലേക്കു കടന്നുവന്നു സ്നാനപ്പെടുന്നതിനു തയ്യാറായ സന്താൾ ജനങ്ങളെ സ്നാനപ്പെടുത്തുവാൻ ആദ്യ നാളുകളിൽ മിഷനറിമാർ തയ്യാറായില്ല. കാരണം അവരുടെ പ്രധാന ലക്ഷ്യം മാൾട്ടോ ജനങ്ങളുടെ മാനസാന്തരം ആയിരുന്നു. എന്നിരുന്നാലും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാലും ദൈവത്തിന്റെ വിശാലമായ പദ്ധതി ഗ്രഹിച്ചതിനാലും നമ്മുടെ മിഷനറിമാർ ദൈവത്തെ അനുസരിച്ചു മിഷനറിമാർ സന്താളികളെ സ്നാനപ്പെടുത്തുവാൻ തയ്യാറായി. ഇപ്പോൾ 1,20,000 സന്താളികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവം അവരുടെ ഇടയിൽ വങ്കാര്യങ്ങളെ ചെയ്തു.

ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളുടെ ദർശനം പത്രൊസിനു ഏറെ പ്രാധാന്യമുള്ളതാണ്. യഹൂദനും ജാതികൾക്കുമിടയിൽ വലിയ വേർതിരിവ് ഉണ്ടായിരുന്ന കാലത്ത് ഈ തടസ്സം നീക്കിയത്

പരിശുദ്ധാത്മാവിന്റെ അഭിഷേകം എല്ലാവരിലേക്കും ചൊരിഞ്ഞു കൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ വലിയ പദ്ധതിയെ തടയുവാൻ നമ്മൾ ആരാണ്? കൊർന്നല്യോസിന്റെ ഭവനത്തിൽ കൂടിവന്നവരുടെ ക്രിസ്തീയ ഐക്യതയെ തടയുവാൻ ആർക്കും സാധിക്കയില്ല. അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു സ്നാനപ്പെട്ടു. ഇതു പരിശുദ്ധാത്മാവിന്റെ വഴിനടത്താലാണെന്നു തിരിച്ചറിഞ്ഞവർ ജാതികളോടു സുവിശേഷം പ്രസംഗിക്കുവാൻ തയ്യാറായി. അവരുടെ പഴയ വീക്ഷണത്തെ ഉപേക്ഷിച്ചു മുഴുലോകത്തെയും സുവിശേഷികരിക്കുവാൻ വഴി തെളിയിച്ചു.

## ദൈവീക പദ്ധതി പൂർത്തീകരിക്കുന്നതിനു അനുസരണം

വർഷങ്ങളായുള്ള മതനേതാക്കന്മാരുടെ അടിമത്വവും അടിച്ചമർത്തലും യുഹൂദന്മാരുടെ ചിന്താഗതിയെ ആഴത്തിൽ സ്വാധിനിച്ചു. വാഗ്ദത്ത നാട്ടിലേക്കു കടന്നുവന്ന യഹൂദന്മാർ എല്ലാ ജാതിയ ആരാധനകളെയും ഉപേക്ഷിച്ചു. മോശെയുടെ ന്യായപ്രമാണം അനുശാസിക്കുന്ന പ്രമാണങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും കർശനമായി പാലിച്ചു വന്നു.

പരിച്ഛേദനക്കാരനും യഹൂദ വിശ്വാസിയുമായ പത്രോസ് ശതാധിപനായ കൊർന്നല്യോസിന്റെ ഭവനത്തിൽ അഗ്രചർമ്മികളോടു കൂടെയിരുന്നു ഭക്ഷണം കഴിച്ചു. കർത്താവിന്റെ കരുണയെ മുൻ നിർത്തി പത്രോസ് തന്റെ പ്രവർത്തിയെ ന്യായീകരിച്ചു. പത്രോസ് അവരോടു ദൈവവചനം പ്രസംഗിച്ച വേളയിൽ തന്റെ പ്രസംഗം ശ്രവിച്ചവരുടെ മേൽ പരിശുദ്ധാത്മാവ് വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു. ഇത് തന്റെ പ്രവർത്തിയല്ല ദൈവത്തിന്റെ നേരിട്ടുള്ള പ്രവർത്തിയാണെന്നതിനു പത്രോസ് ഊന്നൽ നൽകി. ദൈവം ചില സമൂഹത്തോടു സുവിശേഷം പ്രസംഗിക്കുവാൻ നമുക്കു ഭാരം നൽകിയാൽ സുവിശേഷം സ്വീകരിക്കുന്നതിനു അവരുടെ ഹൃദയത്തെ ദൈവം തുറന്നിരിക്കും. പരിശുദ്ധാത്മാവ് അവരുടെ ഇടയിൽ പ്രവർത്തിക്കും.

നമ്മുടെ മിഷൻ വയലുകളിൽ നാം ഇതിനു സാക്ഷികളായിട്ടുണ്ട്. ആദ്യം ചിലർ സുവിശേഷത്തോടു എതിർത്തു നിൽക്കുമെങ്കിലും ക്രമേണ അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കും. നമ്മുടെ ജോലി പത്രോസിനെ പോലെ ദൈവവേല ചെയ്യുന്നതിനു പരിശുദ്ധാത്മാവിനെ അനുസരിക്കുക. അതിന്റെ ഫലം മഹത്വകരമായിരിക്കും. സഭാപ്രസംഗി.1:1 പറയുന്നു, “നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക; ഏറിയനാൾ കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും”.

## ദൈവീക പദ്ധതി പൂർത്തീകരിക്കുന്നതിനു ദൈവീക ദർശനം പങ്കുവെക്കുക.

വ്യക്തികളോടോ, കുടുംബത്തോടോ സമൂഹത്തോടോ ദൈവം പക്ഷഭേദം കാണിക്കയില്ല. അ.പ്രവൃത്തി 10:34–35 ൽ പത്രോസ് പറയുന്നു, ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു. ജാതികളെയും രക്ഷിക്കുന്നതിനു ദൈവത്തിനു പദ്ധതിയുണ്ടെന്നു യഹൂദ ക്രിസ്ത്യാനികൾ വിശ്വസിക്കുവാൻ നിർബന്ധിതരായി. ഇന്ന് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലൂടെ ഏകദ്ദേശം 266 ജാതിക്കൂട്ടങ്ങളോടു സുവിശേഷം പ്രഘോഷിച്ചു ദൈവീക പദ്ധതി നമ്മുടെ രാജ്യത്തു പൂർത്തീകരിക്കുന്നുണ്ടെന്നു ഉറപ്പാക്കുന്നു.

1 പത്രോസ് 4:10 പറയുന്നതു പോലെ ദൈവം നമുക്കു നൽകിയ വരങ്ങൾ

ഉപയോഗിച്ചു ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അന്യോന്യം ശുശ്രൂഷിക്കുവിൻ. നമ്മുടെ വിളി എന്തുതന്നെയായിരുന്നാലും ആവശ്യത്തിലിരിക്കുന്നവരോടു സുവിശേഷം പങ്കുവെക്കുന്നതിനു നാം സമർപ്പിതരാണ്. നാം ദിനംതോറും കണ്ടുമുട്ടുന്ന അനവധിയാളുകൾ അവർ ജീവനുള്ള ദൈവത്തെ അറിയാത്തവരാണെങ്കിൽ അവരാണ് നമ്മുടെ മിഷൻ വയൽ. നമ്മുടെ ചുമതല അവർക്കു യേശുക്രിസ്തുവിനെ പരിചയപ്പെടുത്തി കൊടുക്കുക എന്നുള്ളതാകുന്നു. 2 തിമൊ.4:2 ൽ പൗലൊസ് തിമോഥെയൊസിനെ ഉപദേശിക്കുന്നത്, "വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്ക." 1 കൊരി. 9:16 പറയുന്നു, "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം." മറ്റുള്ളവരുമായി സുവിശേഷം പങ്കുവെക്കുവാൻ ഈ വാക്യങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു.

### സുവിശേഷത്തിനു ഞാൻ ഒരു തടസ്സമാണോ?

"ഇടർച്ചകൾ വരാതിരിക്കുന്നതു അസാദ്ധ്യം; എങ്കിലും അവ വരുത്തുന്നവനു അയ്യോ കഷ്ടം" (ലൂക്കോ. 17:1). മറ്റുള്ളവരോടു സുവിശേഷം അറിയിക്കുന്നതിനു നമ്മുടെ ഭാഷ, വർണ്ണം, വർഗ്ഗം, സംസ്കാരം ഒരു തടസ്സമാകുന്നുവോ? ദൈവം നമ്മോടു ഇടപെടുന്നതു പോലെ നാം മറ്റുള്ളവരോടു ഇടപെടുമോ? നാം ദൈവത്തിങ്കൽ നിന്നും ദിനംതോറും പ്രാപിക്കുന്ന ദൈവ സ്നേഹത്തിലും കരുണയിലും ദയയിലും ദീർഘക്ഷമയിലും ആനന്ദിക്കുന്നതു പോലെ ഉദാരപൂർവ്വം മറ്റുള്ളവരോടു പങ്കുവെക്കുക. ക്രിസ്ത്യാനികളെന്ന നിലയിൽ മറ്റുള്ളവരുടെ ആത്മീക വളർച്ചയെ തടസ്സപ്പെടുത്തുന്ന വ്യക്തിപരമായ അഹങ്കാരത്തിനപ്പുറത്തേക്കു നാം നീങ്ങണം. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ കർത്താവിനു വേണ്ടി വിജയകരമായി ഒന്നും ചെയ്യുവാൻ നമുക്കു കഴികയില്ല. ദൈവം ഒരിക്കലും നമ്മോടു കർക്കശക്കാരനായിരുന്നില്ല. അതുകൊണ്ടു ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ (റോമർ. 15:7).

നമ്മുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ, ശീലങ്ങൾ, പദവി അല്ലെങ്കിൽ സ്വയ നീതികരണം എന്നിവ തടസ്സങ്ങളായി തീർന്നാൽ പരിശുദ്ധാത്മാവിനു നമ്മിലൂടെ ഒന്നും ചെയ്യുവാൻ കഴികയില്ല. നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളും ക്രിസ്തുവിന്റെ മാതൃകയിൽ പരിശോധിക്കുകയും നമ്മുടെ സംസാരവും പെരുമാറ്റവും മനോഭാവവും മറ്റുള്ളവർക്കു ഇടർച്ചയാകുന്നില്ലെന്നു ഉറപ്പാക്കണം.

കർത്താവിൽ പ്രിയ ദൈവമക്കളെ. സുവിശേഷം പ്രഘോഷിക്കുന്നതിനു നാം ദൈവത്തിന്റെ കയ്യിലെ ഫലപ്രദമായ ഉപകരണമാകണം. പുതിയ വിശ്വാസികളെയും വിശ്വാസത്തിൽ ബലഹീനരെയും ദൈവത്തിൽ വളരുന്നതിനു സഹായിക്കണം. ദൈവത്തിന്റെ രക്ഷാകരമായ പദ്ധതി പൂർത്തീകരിക്കുവാൻ നമ്മെ പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിക്കാം. അങ്ങനെ പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തുവിനെ കർത്താവായി ഏറ്റുപറയുകയും ചെയ്യും.

**റവ. ടിംഗു സെമെ,**
**ജാർഖണ്ഡ്, മിഷനറി**

# ചില്ലി സഭാ ചരിത്രം

## (ഘാട്ടംപൂർ മിഷൻ വയൽ, കാൺപൂർ റീജിയൻ, നോർത്തേൺ സോൺ)




ഉത്തർപ്രദേശിലുള്ള കാൺപൂർ നഗർ ജില്ലയിലെ ഘാട്ടംപൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഒരു ഇടത്തരം ഗ്രാമമാണ് ചില്ലി. ഉത്തർപ്രദേശിലെ സാക്ഷരതയുമായി തുലനം ചെയ്താൽ ചില്ലി ഗ്രാമത്തിലെ സാക്ഷരത നിരക്ക് ഉയർന്നതാണ്. ഇന്ത്യൻ ഭരണഘടനയിലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം ചില്ലി ഗ്രാമത്തിന്റെ ഭരണം ഗ്രാമീണരാൽ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമത്തലവൻ (സർപഞ്ച്) നിർവഹിക്കുന്നു. കാൺപൂർ നഗറിലെ ചില്ലി ഗ്രാമത്തിൽ ഭൂരിപക്ഷം ആളുകളും പട്ടിക ജാതിക്കാർ ആകുന്നു. ചില്ലി ഗ്രാമത്തിൽ പട്ടിക വർഗ്ഗക്കാർ ആരും തന്നെയില്ല.

### ആരംഭം

ഘാട്ടംപൂർ മിഷൻ വയൽ 1991 മാർച്ചിലാണ് ആരംഭിച്ചത്. ഘാട്ടംപൂർ മിഷൻ വയലിലെ ആദ്യ മിഷനറിമാർ റവ. അസറിയ രാജ് കുമാറും റവ. എഡ്വിൻ മോസസ്സും ആയിരുന്നു. 1993 ഏപ്രിലിൽ മിഷനറി പീറ്റർ ഹരിറാമിന്റെ നാളുകളിലാണ് ചില്ലി ഗ്രാമത്തിൽ സുവിശേഷത്തിന്റെ വിത്ത് വിതെച്ചത്.

എന്നാൽ ആ വിത്ത് പൊട്ടി മുളച്ചതും ഫലം നൽകിയതും 1999 ൽ മിഷനറി റവ. സി. ആർ ജോർജ്ജ് പ്രവർത്തിച്ച നാളുകളിലാണ്. റവ. സി ആർ ജോർജ്ജും പ്രാദേശിക സുവിശേഷകൻ ശ്രീ. സുരേന്ദർ കുമാറും സുവിശേഷീകരണ പ്രവർത്തനത്തിനായി ചില്ലി ഗ്രാമത്തിലേക്കു പോയി. കുട്ടികൾക്കു ട്യൂഷൻ എടുക്കുന്ന ശ്രി. റാം സാഹിയുടെ ഭവനത്തിൽ അവർ നിന്നു. അദ്ദേഹത്തോടു അവർ സുവിശേഷം പങ്കുവെച്ചു. വായിക്കുവാനായി ചില ലഘുലേഖകളും നൽകി. അവൻ ലഘു ലേഖ വായിക്കുവാൻ തുടങ്ങിയപ്പോൾ യേശുക്രിസ്തുവിലുടെയുള്ള രക്ഷാ പരിജ്ഞാനം പ്രാപിച്ചു. അന്ന് ചില്ലി ഗ്രാമത്തിലെ നിരവധി കാഴ്ചക്കാർ അവരിലൂടെ സുവിശേഷം ശ്രവിച്ചു.

**ശ്രീ. റാം സാഹി – ആദ്യ വിശ്വാസി:-** റാം സാഹി ചെറുപ്രായം മുതൽ തന്നെ പൈശാചിക ബന്ധനത്തിലായിരുന്നു. അവനു അതിൽ നിന്നുള്ള വിടുതൽ അത്യാവശ്യമായിരുന്നു.

അവൻ തുടർന്നു സുവിശേഷ പ്രതികൾ വായിച്ചു കൊണ്ടിരുന്നു. ഒടുവിൽ സ്നാനപ്പെടുവാൻ തയ്യാറായി. 29.01.2000 ൽ അദ്ദേഹത്തെയും ഭാര്യയെയും സുക്കാപൂർ ഗ്രാമത്തിൽ വെച്ചു മിഷനറി റവ. സി. ആര് ജോർജ്ജ് സ്നാനപ്പെടുത്തി. അവൻ ഘാട്ടംപൂറിലുള്ള താൽക്കാലിക ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. എന്നാൽ വളരെ പെട്ടന്നല്ലെങ്കിലും അവനു പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ കിട്ടി. ഈ വിടുതൽ തന്റെ ഗ്രാമത്തിലുള്ളവരോടു സുവിശേഷം പങ്കുവെക്കുന്നതിലേക്കു അവനെ നയിച്ചു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനു ശേഷം ദൈവം അവന്റെ ജീവിതത്തിൽ അനവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു.

2000 സെപ്റ്റംബറിൽ ശാരദ എന്ന പേരുള്ള മറ്റൊരു യുവതിയും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. 29.9.2000 ൽ ചില്ലി ഗ്രാമത്തിൽ നിന്നും ശാരദ,. ബാൽ ഗോവിന്ദ്, അവന്റെ അമ്മ എന്നിവരെയും മറ്റു ആറു പേരെയും റവ. സി. ആർ ജോർജ്ജ് ഘാട്ടംപൂറിൽ വെച്ചു സ്നാനപ്പെടുത്തി. വിശ്വാസികൾ ഞായറാഴ്ച ആരാധനക്കായി ഘാട്ടംപൂർ ദൈവാലയത്തിലേക്കു കടന്നു ചെന്നു. 2000 സെപ്റ്റംബർ മുതൽ വിശ്വാസികൾ എല്ലാവരും ആദ്യ വിശ്വാസിയുടെ ഭവനത്തിൽ എല്ലാ ഞായറാഴ്ചയും സന്ധ്യക്ക് പ്രാർത്ഥനക്കായി ഒരുമിച്ചു കൂടുവാൻ തുടങ്ങി. വിശ്വാസികൾ തന്നെ രാത്രി യോഗങ്ങൾക്കു നേതൃത്വം നൽകി. ആദ്യത്തെ രാത്രി യോഗത്തിൽ 15 ആളുകൾ പങ്കെടുത്തു. 2000 –ാം വർഷത്തിൽ ചില്ലി ഗ്രാമത്തിൽ നിന്നും 26 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സ്നാനപ്പെട്ടു.

## സഭയുടെ വളർച്ച



**സഭാമൂപ്പൻ ശ്രീ. രാജേഷ്:** എന്റെ അമ്മയുടെ വേർപാടിനെ തുടർന്നു എനിക്കു അടിക്കടി പനിയുണ്ടായി. ഞാൻ പലയിടത്തു പോയി ചികിത്സിച്ചു. ധാരാളം മരുന്നു കഴിച്ചു. ഈ ലോകത്തിൽ ആർക്കും എന്നെ സൗഖ്യമാക്കുവാൻ കഴികയികയില്ലെന്ന നിഗമനത്തിൽ ഞാൻ എത്തി. എന്റെ ഗ്രാമത്തിലുള്ള ഒരാളായ, ക്രിസ്തീയ വിശ്വാസി ശ്രീമതി റാണി എനിക്കു ഒരു വേദപുസ്തകം വായിക്കുവാനായി നൽകി. എന്നെ ഘാട്ടംപൂർ സഭയിലേക്കു ക്ഷണിച്ചു. വേദപുസ്തകം കിട്ടിയ ആദ്യ ദിവസം തന്നെ ഞാൻ മൂന്നു പേജ് വായിച്ചു. ആ ദിവസം തന്നെ എനിക്കു പനിയിൽ നിന്നു ആശ്വാസവും ലഭിച്ചു. ഇതു വിശുദ്ധ വേദപുസ്തകം ആകയാൽ ഇതിനു എന്നെ സൗഖ്യമാക്കുവാൻ ശക്തിയുണ്ടെന്നു എനിക്കു ബോധ്യമായി. ദൈവവചനത്തിനു വല്ലഭത്വമുള്ളതിനാൽ എന്റെ ഭാര്യ എന്നോടു തുടർന്നു വേദപുസ്തകം വായിക്കുവാൻ ഉപദേശിച്ചു. ഞാൻ വേദപുസ്തകത്തിലെ 40 പേജ് വായിച്ചു. യേശുക്രിസ്തുവിനെക്കുറിച്ചു മനസ്സിലാക്കി. ചില്ലി ഗ്രാമത്തിൽ ആരാധനക്കൂട്ടം ഇല്ലാത്തതിനാൽ ഞാൻ ഘാട്ടംപൂറിലെ സഭയിൽ ആരാധനക്കായി പോയി. 2007 ൽ ഞാൻ സ്നാനപ്പെട്ടു. റവ. പോൾ ദയാസിങാണ് എന്നെയും ഭാര്യയെയും സ്നാനപ്പെടുത്തിയത്.

റാംപൂർ ഗ്രാമത്തിലെ വിശ്വാസികളായ ശ്രീമതി വിജയകാന്തിക്കും അവളുടെ ഭർത്താവ് രാജനും 12 വർഷം കഴിഞ്ഞിട്ടും മക്കൾ ഇല്ലായിരുന്നു. പ്രാർത്ഥനയുടെ ഫലമായി വിജയകാന്തി ഗർഭം ധരിച്ചു ഒരു പെൺപൈതലിനു ജന്മം നൽകി. ഈ സംഭവത്തെ തുടർന്നു അനവധിയാളുകൾ യേശുവിൽ വിശ്വസിക്കുവാൻ ആരംഭിച്ചു. പിന്നീട് ചില്ലി ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. പ്രാദേശിക സുവിശേഷകൻ ശ്രി. അനിൽ കുമാർ ആരാധനക്കു നേതൃത്വം നൽകി. 2010 ൽ ചില്ലി ഗ്രാമത്തിൽ ദൈവാലയം നിർമ്മിച്ചതിനെ തുടർന്നു ഇതൊരു പാസ്റ്ററേറ്റായി ഉയർത്തുകയും ഇതിന്റെ കീഴിൽ ധാരാളം ഉപസഭകൾ ആരംഭിക്കുകയും ചെയ്തു.

## ദൈവാലയത്തിന്റെ വസ്തുവും ദൈവാലയ നിർമ്മാണവും

1.7.2009 ൽ സെന്റർ റീജിണൽ സെക്രട്ടറി റവ. എൻ രാജദുരയുടെ സാന്നിധ്യത്തിൽ ശ്രീ കമലേശ് ഗുപ്തയുടെ പക്കൽ നിന്നും ദൈവാലയ നിർമ്മാണത്തിനുള്ള വസ്തു വിലെക്കു വാങ്ങി. ദൈവാലയത്തിന്റെ പേര് **പ്രഭു യേശു മശിഹ് സത്സാംഗ് ഭവൻ.** 4.3.2010 ൽ ദൈവാലയ നിർമ്മാണത്തിനു അടിസ്ഥാന ശിലയിട്ടു. ദൈവാലയ നിർമ്മാണത്തിൽ വിശ്വാസികൾ സഹായിച്ചു. 5.10.2010 ൽ ചില്ലി ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ PREM സെക്രട്ടറി റവ. യിസ്രായേൽ (തിരുനെൽവേലി) നിർവഹിച്ചു. നെല്ലൈ ഹോണററി പ്രമോഷണൽ സെക്രട്ടറി റവ. സെൽവരാജ് ദൈവവചന ശുശ്രൂഷ നടത്തി. റവ. എസ് ക്രിസ്റ്റോഫറും സംഘവും, സെന്റർ റീജിനൽ സെക്രട്ടറി റവ. എൻ രാജദുരൈയും കുടുംബവും തുടങ്ങിയവരും സമർപ്പണ ശുശ്രൂഷയിൽ അതിഥികളായി സംബന്ധിച്ചിരുന്നു. ദൈവാലയ സമർപ്പണ കാലഘട്ടത്തിൽഫീൽഡ് മിഷനറി റവ. പോൾ ദയാ സിങ് ആയിരുന്നു.



## സഭയും സമൂഹവും

മിരൻപൂർ, ലൗക്കാഹ, ഹുസങാപൂർ, ഷ്രീനഗർ, കമാന്ദൽപൂർ, ഉസ്മാൻപൂർ, മാധ, ബന്ധ, ക്വുബുദ്ദിൻപൂർ, ബഗത്ത, അയോദ്ധ്യപൂർ, രാംപൂർ -നാവാടി, ബാംബുരാഹ, മുഗൽപൂർ, ചൗബേപൂർ, ഷിവധരി, ദൗലത്പൂർ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവരായിരുന്നു ചില്ലി സഭയിലെ അംഗങ്ങൾ. ഇവരെല്ലാവരും പാസ്വാൻ, ശങ്ക്വാർ, ചമാർ, കോരി, ധോബി, പാൽ എന്നീ ജാതി സമൂഹത്തിൽ ഉൾപ്പെട്ടവരായിരുന്നു.

## ചില്ലി ആരാധനക്കൂട്ടത്തിലെ അത്ഭുതങ്ങളും പ്രധാന സംഭവങ്ങളും


- ജനുവരി 1992 - 20.1.1992 ൽ ചൗബേപൂർ ഗ്രാമത്തിൽ അനുധാവന പ്രവർത്തനം നടത്തി. 30 പേർ സംബന്ധിക്കുന്നു. യോഗം അവസാനിച്ച ഉടനെ ശ്രി. പരമേശ്വറും അദ്ദേഹത്തിന്റെ ബന്ധുവും മിഷനറിയുടെ അടുക്കൽ തങ്ങളുടെ കൈവശമുണ്ടായിരുന്ന സിഗരറ്റു പായ്ക്കറ്റ് ഏൽപ്പച്ചിട്ടു അവർ ഇനിമേലിൽ ഇവ ഉപയോഗിക്കയില്ലെന്നു പറഞ്ഞു.
- ജനുവരി 1996 - ബാബുരാഹ ഗ്രാമത്തിലെ ഒരു യൗവ്വനക്കാരൻ ശ്രി. ധർമ്മരാജ് അപസ്മാര രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. അപസ്മാരം നിമിത്തം അവന്റെ സംസാര ശേഷി നഷ്ടപ്പെട്ടു. വിശ്വാസിയായ ബാബുറാം ഈ ചെറുപ്പക്കാരനെ നമ്മുടെ മിഷനറിയുടെ അടുക്കൽ

പ്രാർത്ഥനക്കായി കൂട്ടിക്കൊണ്ടു വന്നു. അവർ അവനു വേണ്ടി പ്രാർത്ഥിച്ച വേളയിൽ അവന്റെ നാവിന്റെ കെട്ടഴിഞ്ഞു അവൻ സംസാരിക്കുവാൻ തുടങ്ങി.

- പ്രാദേശിക സുവിശേഷകരായ ശ്രീ. ജ്ഞാനേന്ദ്രറും ശ്രീ മഹേന്ദ്രറും മൗഗാൾ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനായി പോയി. അഞ്ചു വർഷമായി പക്ഷാഘാതം വന്നു തളർന്നു പോയ രാധ എന്ന സ്ത്രീ അവിടെ ഉണ്ടായിരുന്നു. പ്രാദേശിക സുവിശേഷകൻ അവൾക്കു വേണ്ടി പ്രാർത്ഥിച്ച വേളയിൽ അത്ഭുതകരമായി അവൾ നടക്കുവാൻ തുടങ്ങി. ദൈവത്തിനു മഹത്വം.
- ചില്ലി ഗ്രാമത്തിലെ ശ്രീ. റാം സാഹിയുടെ എരുമ അസുഖം ബാധിച്ചു. അതിന്റെ വായിൽ നിന്നു നുരയും പതയും വരുവാൻ തുടങ്ങി. മൃഗ ഡോക്ടർക്കു ഉടനെ വരുവാൻ കഴിഞ്ഞില്ല. റാം സാഹിയും മകനും അർദ്ധരാത്രി 12 വരെ എരുമയുടെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു എരുമയെ സൗഖ്യമാക്കി.
- മാർച്ച് 2003 – വിശ്വാസി പാപ്പുവിന്റെ നാലു വയസ്സായ മകൾക്കു നടക്കുവാൻ കഴിയുന്നില്ല. ഒരു ദിവസം അവൾ തന്റെ പിതാവിനോടു അവൾക്കു നടക്കുവാൻ സാധിക്കുമോ എന്നു ചോദിച്ചു. അവൻ അവളെ നോക്കി പറഞ്ഞു, "യേശുവിന്റെ നാമത്തിൽ നീ നടക്ക". പെട്ടെന്നു ആ പെൺകുട്ടി എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. ദൈവത്തിനു സ്തോത്രം.
- ഫെബ്രുവരി 2013 – മീരാൻപൂർ ഗ്രാമത്തിലെ വിജയപാലിന്റെ കൈകാലുകളിലെ വിരലുകൾ വളഞ്ഞിരിക്കയാണ്. അപസ്മാരം നിമിത്തം അവനു ശരിയായി നടക്കുവാനും കഴിയുന്നില്ല. ജന്മനാ അവൻ ഊമയാണ്. രണ്ടു വർഷം മുമ്പ് അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും അവൻ ക്രമമായി ചില്ലി ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുവാനും തുടങ്ങി. അവൻ ദൈവാലയവും പരിസരവും തൂത്തു വൃത്തിയാക്കുകയും ആരാധനക്കു പായ് വിരിക്കയും ചെയ്യുക പതിവായിരുന്നു. അവൻ കൂടുതൽ സമയവും ദൈവാലയത്തിൽ സമയം ചിലവഴിച്ചു. അവന്റെ വളഞ്ഞ വിരലുകൾ സാധാരണ പോലെയായി. അവനു ഇപ്പോൾ നല്ലവണ്ണം സംസാരിക്കുവാനും സാധിക്കുന്നു. അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച നാൾ മുതൽ അവനു അപസ്മാര ബാധ ഉണായിട്ടില്ലെന്നു അവന്റെ അമ്മ സാക്ഷി പറയുന്നു. അവനിലൂടെ ഒരു ഡോക്ടർ അടക്കം മൂന്നു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവത്തിനു സ്തോത്രം.

മാസത്തിൽ ഒരു ബുധനാഴ്ച ചില്ലി ദൈവാലയത്തിൽ ഉപവാസ പ്രാർത്ഥന നടത്തുന്നു. പ്രാദേശിക സുവിശേഷകൻ ഉപവാസ പ്രാർത്ഥനക്കു നേതൃത്വം നൽകുന്നു. സുവിശേഷീകരണ പ്രവർത്തനത്തിൽ ചില വിശ്വാസികൾ സ്വദേശ സുവിശേഷകനെ സഹായിക്കുന്നു. എല്ലാ മാസത്തിന്റെയും ആദ്യത്തെ ഞായറാഴ്ച തിരുവത്താഴ ശുശ്രൂഷ നടത്തുന്നു. പ്രാദേശിക സുവിശേഷകനോ മിഷനറിയോ ഈ ശുശ്രൂഷക്കു നേതൃത്വം നൽകുന്നു. ഞായാറാഴ്ച ആരാധനക്കു പ്രാദേശിക സുവിശേഷകൻ നേതൃത്വം നൽകുന്നു. ചില്ലി സഭയിൽ ആകെ 319 അംഗങ്ങൾ ഉണ്ട്. ഈ സഭയെയും അതിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഓർത്തു നമുക്കു പ്രാർത്ഥിക്കാം. ദൈവാലയം ആത്മാക്കളെ കൊണ്ടു നിറയേണ്ടതിനായും നമുക്കു പ്രാർത്ഥിക്കാം. ■

# പിന്തുടരേണ്ട കാൽപാടുകൾ



## റോബർട്ട് സിൻക്ലെയർ

1883 നവംബർ 15 ന് സ്കോട്ടലൻഡിലെ ഗ്ലാസ്ഗോയിലാണ് റോബർട്ട് സിൻക്ലെയർ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ശ്രീ. ജോൺ സിൻക്ലെയർ ഒരു കൽപണിക്കാരൻ ആയിരുന്നു. ചെറുപ്രായത്തിലെ റോബർട്ടിനു തന്റെ പിതാവ് നഷ്ടപ്പെട്ടു. തുടർന്നു വളരെയധികം കഷ്ടപ്പെട്ടു. പിതാവിൻെറ തൊഴിൽ തുടരുവാൻ നിർബന്ധിതനായി. അദ്ദേഹം ഗ്ലാസ്ഗോയിലെ തീയോളജിക്കൽ കോളജിൽ രണ്ടു വർഷം ദൈവശാസ്ത്രം പഠിച്ചു. 1909 മാർച്ച് 3 ന് അദ്ദേഹം പാസ്റ്ററായി നിയമിതനായി. അതേ വർഷം തന്നെ റോബർട്ട് ഇന്തയിലേക്കു യാത്ര ചെയ്തു തമിഴ്നാട്ടിലെ നാഗർകോവിലിൽ വന്നു. 1910 ൽ നാഗർകോവിലിലെ ഒരു ഭവന സഭയിൽ വെച്ച് ബസ്സി ഗ്രഹാം സ്മിത്തിനെ വിവാഹം കഴിച്ചു. തുടർന്നു അദ്ദേഹത്തെ മത്തിക്കോട്ടിലേക്കും പിന്നീട് മാർത്താണ്ഡത്തേക്കും മാറ്റി. അവിടെ അദ്ദേഹം 1919 മുതൽ 1939 വരെ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സഭയോടുള്ള ബന്ധത്തിൽ ചില സുപ്രധാന നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചു. LMS ആൺപള്ളിക്കൂടത്തിന്റെയും പെൺപള്ളിക്കൂടത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഉത്തരവാദിത്തം റോബർട്ടിനായിരുന്നു. സ്കൂളുകളുടെ എണ്ണം വർദ്ധിച്ചപ്പോൾ അദ്ധ്യാപകരുടെ ആവശ്യവും വർദ്ധിച്ചു. 1932 ൽ ഒരു അദ്ധ്യാപക പരിശീലന കേന്ദ്രം സ്ഥാപിക്കാൻ അദ്ദേഹം നിർബന്ധിതനായി.

ഭാര്യയുടെ രോഗം ഹേതുവായി 1937 ജൂണിൽ അദ്ദേഹം സ്കോട്ട്ലൻഡിലേക്കു തിരികെ പോയി. നിർഭാഗ്യവശാൽ പൊട്ടിപുറപ്പെട്ട രണ്ടാം ലോകമഹായുദ്ധം ഇന്ത്യയിലേക്കു വരുന്നതിനു അദ്ദേഹത്തിനു തടസ്സമായി. പ്രഗത്ഭനായ വാസ്തുശില്പിയും നിർമ്മാതാവുമായ റോബർട്ട് മർത്താണ്ഡത്തിലെ മഹത്തായ കല്ലു പള്ളിയുടെ നിർമ്മാണത്തിനു മേൽനോട്ടം വഹിച്ചു. 1933 മെയ് 13 നാണ് ഈ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടന്നത്. റോബർട്ട് ദൈവഭക്തിയിലും ധാർമ്മികതയിലും പ്രസിദ്ധനായിരുന്നു. ഒരു സന്ദർഭത്തിൽ തന്നെ ആക്രമിച്ച വ്യക്തിയോടു ക്ഷമിക്കുകയും അയാൾക്കു ജോലി നൽകി തന്റെ അനുകമ്പയും വിശ്വാസത്തോടുള്ള പ്രതിബദ്ധതയും കാട്ടി. സഭക്കു വേണ്ടിയും മാർത്താണ്ഡത്തും അതിനു ചുറ്റുപാടുമുള്ള സമൂഹത്തിന്റെ ക്ഷേമത്തിനുമായി അദ്ദേഹം വിശ്രമമില്ലാതെ കഠിനാദ്ധ്വാനം ചെയ്തു.

റോബർട്ട് മുൻകൈയ്യെടുത്ത് സുവിശേഷ സംഘത്തെയും ഉണർസംഘത്തെ രൂപീകരിച്ചു സുവിശേഷ പ്രവർത്തനം ത്വരിതപ്പെടുത്തി. ഒരു മിനി ബസ് വാങ്ങി സുവിശേഷ സംഘത്തിനു നൽകി സമീപ ഗ്രാമങ്ങളായ പുളിയൻവിലാകം, കലചാന്തി, എയിരൻഡെങ്കു, സെന്നിത്തോട്ടം എന്നിവിടങ്ങളിലും കേരളത്തിലും സുവിശേഷീകരണ പ്രവർത്തനം നടത്തി. ഈ സംഘത്തിനു വയലിനും ഛായ പ്രദർശന ദീപവും നൽകി. ഇതുകൂടാതെ അദ്ദേഹം സണ്ടെ സ്കൂൾ, യൗവ്വനക്കാരെ തിരുവചനവും ധാർമ്മീക ബോധവും അഭ്യസിപ്പിക്കുന്ന സ്കൂളുകൾ എന്നിവ ആരംഭിച്ചു. ഒരു ഗായകസംഘം രൂപീകരിച്ചു. ക്രൈസ്തവർക്കും അക്രൈസ്തവർക്കു പ്രയോജനകരമായി ഒരു ലൈബ്രറി സ്ഥാപിച്ചു.

റോബർട്ടിന്റെ ഭാര്യ ബെസ്സി സ്വയം തൊഴിലിനായി സ്ത്രീകളെ വസ്ത്ര നിർമ്മാണം അഭ്യസിപ്പിച്ചു. നിർമ്മിച്ച വസ്ത്രങ്ങൾ വിദേശത്തേക്കു കയറ്റുമതി ചെയ്യുകയും വിവിധ ഇടങ്ങളിൽ പ്രദർശനത്തിനു വെച്ചു ധാരാളം സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. സ്കോട്ട്ലാൻഡിലേക്കു തിരികെപോയ റോബർട്ട് അവിടെ ഒരു സഭയിലെ പാസ്റ്ററായി ശുശ്രൂഷ തുടർന്നു. 1946 സെപ്റ്റംബർ 12 ന് അദ്ദേഹം ജന്മനാട്ടിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു.

# ഉപവാസ പ്രാർത്ഥന മിഷൻ വയലിൽ

## ട്രിച്ചി പ്രാർത്ഥനക്കൂട്ടം



ദൈവകൃപപയാൽ ആറു വർഷത്തിനു ശേഷം ട്രിച്ചിയിൽ നിന്നും 22 പേരടങ്ങുന്ന ഒരു സംഘം ജൂലൈ 25 ന് ട്രിച്ചിയിൽ നിന്നു യാത്ര ആരംഭിച്ച് 28 ന് ബർഹർവായിൽ എത്തിച്ചേർന്നു. അന്നേ ദിവസം പ്രൊഫ. ഡോ. ഗോഡ്വിൻ പ്രേം സിങിന്റെയും കുടുംബത്തിന്റെയും സഹായത്തോടെ അമടപ്പാടയിലെ ഫത്തെപൂർ ഗ്രാമത്തിൽ ആരാധനാലയത്തോടു ചേർന്നു നിർമ്മിച്ച പരിശീലന കേന്ദ്രത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി. 29 ന് ഞങ്ങൾ ബാലഭവനങ്ങൾ, ദിനപരിപാലന കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയും മിഷൻ വയലിലെ ആത്മീക കൂട്ടായ്മകളിൽ പങ്കെടുക്കുകയും ചെയ്തു. 30,31 തീയതികളിൽ ജാർഖണ്ഡിലെ മിഷനറിമാരോടു കൂടെ ചേർന്നു ഉപവസിച്ചു പ്രാർത്ഥിച്ചു. ഇതു വളരെ അനുഗ്രഹിപ്പെട്ട നിമിഷങ്ങളായിരുന്നു. ട്രിച്ചിയിലെ സീനിയർ പ്രാർത്ഥനക്കൂട്ട നേതാവായ ശ്രീ. സോളമൻ രാജും ഭാര്യയും ഞങ്ങളോടു ചേർന്നു ഈ ശുശ്രൂഷക്കു സാക്ഷ്യം വഹിച്ചു. മിഷനറിമാരുടെ സമർപ്പണത്തെയും കഠിനാദ്ധ്വാനത്തെയും കണ്ട സംഘാംഗങ്ങളുടെ ഹൃദയം മിഷനറി വേലയുടെ ഭാരം ഏറ്റെടുക്കുവാൻ അവരെ പ്രേരിപ്പിച്ചു. കൂടുതൽ പ്രാർത്ഥിക്കുവാനും സാമ്പത്തീക സഹായം നൽകുവാനും അവർ തീരുമാനിച്ചു. ആഗസ്റ്റ് മൂന്നാം തീയതി ഞങ്ങൾ ട്രിച്ചിയിൽ തിരികെ വന്നു. ഹല്ലേലുയ്യ!

**റവ. മണിമാരൻ, സോണൽ സെക്രട്ടറി, ട്രിച്ചി**

# പരിശുദ്ധാത്മാവ്



വിശുദ്ധ ത്രിത്വമായ പിതാവായ ദൈവത്തിന്റെയും പുത്രനായ യേശുക്രിസ്തുവിന്റെയും കൂടെയുള്ള മൂന്നാമത്തെ ആളത്വമാണ് പരിശുദ്ധാത്മാവ്. ക്രിസ്തീയ വിശ്വാസത്തിൽ ദൈവീക സ്വഭാവത്തിൽ മൂന്നു വ്യത്യസ്ത വ്യക്തികളായി സാരാംശത്തിൽ ഏകമായിരിക്കുന്നതാകുന്നു ത്രീയേക ദൈവം (ത്രിത്വം). പത്രോസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം എല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (അ.പ്ര.2:38).

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശ്വാസികൾ രക്ഷിക്കപ്പെടുന്നു, ആത്മാവിൽ നിറയുന്നു, മുദ്രയിടപ്പെടുന്നു, വിശുദ്ധീകരിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് ദൈവീക ചിന്തകളെയും ഉപദേശങ്ങളെയും വെളിപ്പെടുത്തുകയും സകല സത്യത്തിലും വഴിനടത്തുകയും ഭാവിയിൽ നടക്കുവാൻ പോകുന്നതു അറിയിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളുടെ ബലഹീനതക്കു തുണ നിൽക്കുകയും അവർക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുകയും ചെയ്യുന്നു.

**പരിശുദ്ധാത്മാവ്:** വിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവ് പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെട്ടു വന്ന സത്യാത്മാവ് ആകുന്നു (യോഹ.15:26). പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യനാകുന്നു. ആത്മാവ് എന്ന വാക്ക് ഗ്രീക്കു പുതിയനിയമത്തിലെ “ന്യൂമ” എന്ന വാക്ക് സാധാരണയായി പരിഭാഷപ്പെടുത്തിയതാണ്.

**പരിശുദ്ധാത്മാവിന്റെ പ്രവർത്തി:** എല്ലാ സത്യ ക്രിസ്ത്യാനികളുടെയും ഉള്ളിൽ പരിശുദ്ധാത്മാവ് വസിക്കുന്നു. വിശ്വസ്തനായ ക്രിസ്ത്യാനിയുടെ ശരീരം പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരം ആകുന്നു (1കൊരി.3:16). ആലോചനക്കാരൻ, സഹായി എന്നിങ്ങനെ പരിശുദ്ധാത്മാവിനെ വിവരിക്കുന്നു. (ഗ്രീക്കിൽ “പാരക്ലിത്തേ” സത്യത്തിന്റെ മാർഗ്ഗത്തിൽ നയിക്കുന്നു). ആത്മാവിന്റെ ഫലം (പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ഫലം) സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയ ജയം (ഗലാ.5:22). പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളുട ജീവിതത്തിൽ കാണപ്പെടുന്ന വിധത്തിൽ ഉള്ള വരങ്ങൾ (മാനുഷികവും അമാനുഷികവുമായ) നൽകുന്നു. അവന്റെ ശിഷ്യന്മാർ രോഗികളെ സൗഖ്യമാക്കുന്നു, മരിച്ചവരെ ഉയർപ്പിക്കുന്നു തുടങ്ങിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

ഈ ഭൂമിയിലെയും വിശ്വാസികളുടെ ജീവിതത്തിലെയും സജീവ സാന്നിധ്യമായി പരിശുദ്ധാത്മാവിനെ വിശദീകരിക്കുന്നു. പരിശുദ്ധാത്മാവ് വിവിധ രീതിയിലുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**ആശ്വാസകൻ/ ഉപദേശകൻ/ സഹായി:** പരിശുദ്ധാത്മാവ് ആശ്വാസത്തിന്റെ ഉറവിടവും വിശ്വാസികളുടെ സഹായിയും ആകുന്നു (യോഹ.14:26). പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും മദ്ധ്യത്തിൽ പരിശുദ്ധാതത്മാവ് ആലോചനയും ശക്തിയും സഹായവും നൽകി കൂടെയിരിക്കുമെന്നു വിശ്വസിക്കുന്നു.

**അദ്ധ്യാപകൻ/ വഴികാട്ടി:** പരിശുദ്ധാത്മാവ് യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ ഗ്രഹിക്കുന്നതിനും ജീവിതത്തിൽ പ്രാവർത്തീകമാക്കുന്നതിനും വിശ്വാസികളെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു. ദൈവവചനം വ്യാഖ്യാനിക്കുന്നതിനും തങ്ങളുടെ ജീവിതത്തിൽ പ്രയോഗികമാക്കുന്നതിനും പരിശുദ്ധാത്മാവ് സഹായിക്കുന്നു.

**പാപബോധം:** പരിശുദ്ധാത്മാവ് വ്യക്തികളിൽ പാപബോധം ഉരുവാക്കുകയും അവരെ അനുതാപത്തിലേക്കു നയിക്കുകയും ദൈവത്തോടു അടുപ്പിക്കുകയും ചെയ്യുന്നു.

**ശക്തീകരിക്കുന്നു:** പരിശുദ്ധാത്മാവ് ക്രിസ്തീയ ജീവിതം നയിക്കുന്നതിനു വിശ്വാസികളെ ശക്തീകരിക്കുകയും ദൈവവേല ചെയ്യുന്നതിന് ആത്മീക വരങ്ങളാൽ അവരെ പ്രാപ്തരാക്കുകയും ദൈവഹിത പ്രകാരം ജീവിതം നയിക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

**പരിശുദ്ധാത്മാവും യേശുക്രിസ്തുവും:** ദൈവശാസ്ത്രത്തിൽ യേശുക്രിസ്തുവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം ത്രിത്വ സിദ്ധാന്തത്തിന്റെ കേന്ദ്ര വശമാകുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മുന്നു വ്യക്തിത്വങ്ങളായി ദൈവം നിലനിൽക്കുന്നു എന്നുള്ള ധാരാണയാണ് ത്രിത്വം. എന്നാൽ ഈ മൂന്നു വ്യക്തികളും ഏക ദൈവമാകുന്നു (ത്രിയേക ദൈവം). ഈ സത്യം മനസ്സിലാക്കുന്നതിനുള്ള പ്രാഥമിക മാർഗ്ഗം വേദപുസ്തകമാകുന്നു. എന്നാൽ ത്രിത്വം എന്ന പദം ബൈബിളിൽ വ്യക്തമായി പരാമർശിച്ചിട്ടില്ലെങ്കിലും ഈ ആശയം വിവിധ ഭാഗങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.

**യേശുക്രിസ്തുവിന്റെ സ്നാനവേളയിൽ യേശുവും പരിശുദ്ധാത്മാവും:** പരിശുദ്ധാത്മാവും യേശുക്രിസ്തുവുമായുള്ള ബന്ധം എടുത്തുകാണിക്കുന്ന ഒരു സുപ്രധാന സംഭവമാണ് യേശുക്രിസ്തുവിന്റെ സ്നാന വേള. ഈ സംഭവത്തിൽ ത്രിത്വത്തിലെ മൂന്നു ആളത്വത്തെയും പ്രകടമായി കാണാം. മത്തായി 3:16–17: “യേശു സ്നാനമേറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെമേൽ വരുന്നതു അവൻ കണ്ടു. ഇവൻ എന്റെ പ്രീയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി.”

**പരിശുദ്ധാത്മാവിന്റെ വാഗ്ദത്തം:** ക്രൂശികരണത്തിനു മുമ്പ് യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ നൽകുമെന്നു വാഗ്ദത്തം ചെയ്തു. യോഹ.14:16: “എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണതിനു നിങ്ങൾക്കു തരും.”

**പരിശുദ്ധാത്മാവിന്റെ പ്രവർത്തി:** യേശുക്രിസ്തു ഈ ഭൂമിയിൽ നിന്നു പോയി കഴിയുമ്പോൾ പരിശുദ്ധാത്മാവ് വന്നു വശ്വാസികളെ ശക്തികരിക്കുമെന്നും വഴിനടത്തുമെന്നും അവിടുന്ന് വിശദീകരിച്ചു. യോഹ.18:7: “എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം;

ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും."

**മഹാനിയോഗം:** മഹാ നിയോഗത്തിൽ യേശുക്രിസ്തു ശിഷ്യന്മാർക്കു നൽകിയ നിർദ്ദേശത്തിൽ അവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. ഇവിടെ ത്രിത്വത്തിലെ മൂന്നു വ്യക്തത്വത്തിനും ഊന്നൽ നൽകുന്നു. മത്തായി28:19: "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും."

**പെന്തെക്കൊസ്ത്:** യേശുക്രിസ്തു നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണ മായി പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് ശക്തിയായി ഇറങ്ങിവന്നു ശിഷ്യന്മാരുടെ മേൽ ആവസിച്ചു. അ.പ്രവ.2:1-4: "പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്കു ഉച്ചരിപ്പാൻ നൽകിയതു പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി."

### നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പത്തു വിധ പ്രവർത്തനങ്ങൾ

താഴെ പറയുന്ന പത്തു വിധത്തിൽ പരിശുദ്ധാത്മാവ് വിശ്വാസികളുടെ ജീവിത ങ്ങളിൽ പ്രവർത്തിക്കുന്നു.

1. പരിശുദ്ധാത്മാവ് സഹായിയായി നമ്മെ ഓർമ്മപ്പെടുത്തുകയും പഠിപ്പിക്കു കയും ചെയ്യുന്നു. (യോഹ. 14:26)
2. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചു ബോധം വരുത്തും. (യോഹ.16:7,8)
3. പരിശുദ്ധാത്മാവ് വിശ്വാസികളിൽ വസിക്കുകയും അവരെ നിറെക്കയും ചെയ്യുന്നു. (1.കൊരി.3:16)
4. പരിശുദ്ധാത്മാവ് വെളിപ്പാടിന്റെയും ജ്ഞാനത്തിന്റെയും ശക്തിയുടെയും ആത്മാവാകുന്നു. (1.കൊരി.2:10,11; അ.പ്രവ.1:8; എഫെ.1:17-20)
5. പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴിനടത്തുകയും വരുവാനുള്ളത് നിങ്ങളെ അറിയിക്കയും ചെയ്യും. (യോഹ.16:13)
6. പരിശുദ്ധാത്മാവ് വിശ്വാസികൾക്കു ആത്മീക വരങ്ങൾ നൽകുന്നു. (1.കൊരി.12:7-11)
7. പരിശുദ്ധാത്മാവ് വിശ്വാസികളുടെ ജീവിതങ്ങളിൽ മുദ്രയിടുന്നു. (എഫെ.1:13)
8. പരിശുദ്ധാത്മാവ് നമ്മുടെ ബലഹിനതകളിൽ തുണനിൽക്കുകയും നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും ചെയ്യുന്നു. (റോമർ.8:26-27)
9. പരിശുദ്ധാത്മാവ് വിശ്വാസികളെ പുതുക്കുകയും നിത്യജീവൻ നൽകുകയും ചെയ്യുന്നു. (റോമർ.8:10.11)
10. പരിശുദ്ധാത്മാവ് നമ്മെ വിശുദ്ധീകരിക്കുകയും നമ്മുടെ ജീവതങ്ങളിൽ നല്ല ഫലം പുറപ്പെടുവിക്കുവാൻ നമ്മെ ശക്തീകരിക്കും ചെയ്യുന്നു. (ഗലാ.5:16-21)

**1**

**സെപ്റ്റംബർ**

**ഞായർ**

**ജന്മദിനാശംസകൾ**

ശ്രീ. വിൻസന്റ് പ്രേംരാജ്

## ജമ്മു കാശ്മീർ

**നൗഷേര : സിയാൻലുതാങ് സൗ & ലിങ്നെയ്ഹോയ്;**
**സൈക് ഷുബാനി & എമി ബാക്യ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവുമായി സ്വീകരിച്ചു ശിഷ്യഗണത്തിലായി.ജഗാസ്പൂർ, ബാട്ട എന്നീ ഗ്രാമങ്ങളിൽ ആദ്യമായി സുവിശേഷം പ്രഘോഷിച്ചു. 23 സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കുന്നതിനുള്ള പരിശീലനം നൽകി. ഹെർമ്മഗിരി ഗ്രാമത്തിൽ പുതിയതായി ഞായറാഴ്ച ആരാധന ആരംഭിച്ചു.

അധരത്തിൽ ബാധിച്ച കാൻസറിനാൽ വലയുന്ന ത്രിവേന്ദർ സിങിന്റെയും വലതു കരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ട മൈത്രി ദേവിയുടെയും അനിയന്ത്രിതമായി തലക്കുവെട്ടലുണ്ടാകുന്ന ബോലി ദേവിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ വഴിതെറ്റിക്കുന്ന ദുരുപദേശകരുടെ മാനസാന്തരത്തിനും വിശ്വാസികൾ നഷ്ടപ്പെട്ടു പോകാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ജാജോരി മിഷൻ വയലിൽ മതത്രീവ്രവാദികൾ സുവിശേഷ മുന്നേറ്റത്തിനുള്ള പ്രധാന തടസ്സമാകുന്നു. വിശ്വാസികളുടെ മക്കളായ അർച്ചന, കല, സജൻ, സാക്ഷി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

**നെർവ: ഇമ്മാനുവേൽ & സംഗീത**

പെങ്കൽ ഗ്രാമത്തിൽ നടത്തിയ വിബിഎസിൽ 11 കുട്ടികൾ സംബന്ധിച്ചു. ക്രിസ്തീയ പ്രവർത്തനത്തെ എതിർക്കുന്ന മതതീവ്രവാദികൾ പദ്ധതിയിട്ട യോഗം ദൈവത്തിന്റെ ദിവ്യ ഇടപെടലിൽ ഉപേക്ഷിച്ചു. രാത്രി യോഗം കഴിഞ്ഞ് ഭവനത്തിലേക്കു വരുന്ന വേളയിൽ കടുവയുടെ മുന്നിൽ പെട്ട മിഷനറിയെയും കുടുംബത്തെയും ദൈവം പരിപാലിച്ചു. നാരായൺ സിങിന്റെ വിശ്വാസത്തിനെതിരെ എതിർപ്പ് ഉണ്ടായിരുന്നിട്ടും ദൈവകൃപയാൽ നാരായൺ സിങ് തന്റെ വീട് പണി പൂർത്തീകരിച്ചു പ്രതിഷ്ഠ ശുശ്രൂഷയും നടത്തി.

ഒരു സ്വതന്ത്ര ദൈവവേലക്കാരൻ നെർവ ഗ്രാമത്തിൽ സുവിശേഷവേല ചെയ്തതിനെ പോലിസുകാർ തടഞ്ഞു. ഈ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിയെ ചെന്നെയിൽ തടഞ്ഞു വെക്കുവാൻ പോലാസ് സ്റ്റേഷനിൽ ഒരു നിവേദനം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികളിൽ ദൈവം ഇടപെട്ടു പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കിരണിന്റെ ഭാര്യ ബില്ലയെ കർത്താവ് വിടുവിച്ചു. ദുങ്കൽരാജ് ഗ്രാമത്തിലെ വിശ്വാസികളെ തങ്ങൾ ഉപേക്ഷിച്ച വിശ്വാസത്തിലേക്കു തിരികെ കൊണ്ടു പോകുന്നതിനു ഹേമിക്കുന്നു. ഇവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സൗപാൽ, ജിഗ്നിവാൽ, ഗുപ്വി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു എടുക്കുന്ന ഉദ്യമം സഫലമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 2 സെപ്റ്റംബർ തിങ്കൾ

## ജന്മദിനാശംസകൾ

ശ്രീമതി. അജ്ഞന മസി സത്യ പ്രകാശ്

### റാമ്പൂർ

**ദൗജാപൗ & ഫ്ളോറൻസ് ലമുവങ്**

ബുദ്ധമത വിശ്വാസിയായ കന്നാരി ഗ്രാമത്തിലെ തേജ്മിൻ നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. ഒരു ഹോട്ടൽ നടത്തി കൊണ്ടിരുന്ന ഡാൽമിയയുടെ ജോലിക്കാർ പെട്ടെന്നു പോയതിനാൽ മൂന്നു ദിവസം തുറക്കുവാൻ സാധിച്ചില്ല. എന്നിരുന്നാലും പുതിയ ജോലിക്കാരെ കണ്ടെത്തി വീണ്ടും റസ്റ്റോറന്റ് തുറക്കുവാൻ ദൈവം കൃപ ചെയ്തു. ഗോൽത്തി ഗ്രാമത്തിലെ റീൻജിയ വയലിൽ കുഴഞ്ഞു വീണു. അവളുടെ മകൾ വേഗം പ്രാദേശിക സുവിശേഷകനെ അറിയിച്ചു. സുവിശേഷകൻ പ്രാർത്ഥിച്ച വേളയിൽ റുൻജിയ ആരോഗ്യം വീണ്ടെടുത്തു.

തേജമിന്റെ സഹോദരൻ വൃക്കസംബന്ധമായ രോഗത്താൽ വലയുന്ന രാജേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പരസ്പരം മല്ലടിച്ചു കൊണ്ടിരുന്ന റാംകാലിയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമായി. വ്യാജ പ്രവചനം നടത്തി അജ്ഞരായ ജനങ്ങളെ അടിമകളാക്കി വെച്ചിരിക്കുന്ന കപട ജോതിഷിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എല്ലാ പരിശീലനം നേടിയിട്ടും സുവിശേഷം പങ്കുവെക്കുന്നതിനു ഭയപ്പെടുന്ന വിശ്വാസികൾക്കായി പ്രാർത്ഥിക്കുക.

### തണെദാർ

**ജപറോസൻ & ഗായത്രി**

20 ഗ്രാമങ്ങളിൽ പ്രാർത്ഥന നടത്തം നടത്തുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. ആരാധന യോഗത്തിനു ശേഷം നടത്തുന്ന വയോജന വിദ്യഭ്യാസ പദ്ധതിയിൽ വലിയൊരു കൂട്ടം ഗ്രാമീണർ ആവേശത്തോടെ പങ്കെടുക്കുന്നു. പല്ലാപെട്ടി ഗ്രാമത്തിലെ ഐഷ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

പള്ളാത്തി, സമ്മാല എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗം ആരംഭിക്കുന്നതിനായി എടുക്കുന്ന ശ്രമങ്ങൾ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി വിശ്വാസത്തിലേക്കു വന്ന എട്ടു പേരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### റിക്കോങ്പിയോ

**എ ശങ്കർ & രൂത്ത് മേരി**

മീര യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഭീമ ദേവിയും ബിന്ദ്രയും ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദീർഘകാലമായി തളർന്നു കിടന്ന പവൻ കുമാറിനെ കർത്താവ് സൗഖ്യമാക്കി.

രമേശ്, രോഷൻ, കർമൻസിങ്, പൂനാൽ എന്നിവർ യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലഞ്ഞ ഹീര, ദിനേശ്, ബഗത് സാന്ദ്, എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റെഞ്ചിയുടെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. JCB യുടെ ടയർ മുകളിൽ വീണു പരുക്കു പറ്റിയ എഴു വയസ്സുകാരന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക.

## 3 സെപ്റ്റംബർ ചൊവ്വ

### ജന്മദിനാശംസകൾ

ശ്രീ. ഏകലവ്യൻ
ശ്രീമതി. ചിങ് ഹോയ് കിം ജിൻ സ്വാം
ശ്രീ. ബൻ ജെ അന്ത്രയോസ

## പഞ്ചാബ്

### അഹമ്മദ്ഗട്ട് മാന്ദി

**കൃപ രക്ഷന & ഷെക്കീന**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റോഗിദ ഗ്രാമത്തിലെ ലൗപ്രീത് ദീർഘ കാലമായി ആസ്മ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവനെ സൗഖ്യമാക്കി. തലോരെ, ജാഗാര എന്നീ ഗ്രാമങ്ങളിൽ നടത്തിയ ഏകദിന സമ്മേളനത്തിൽ അക്രൈസ്തവരായ 50 കുട്ടികൾ സംബന്ധിച്ചു. റോഗിദ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

അഹമ്മദ് റീജിയനിൽ വിശ്വാസികൾക്കായി വപുലമായ രീതിയിൽ ക്രമീകരിക്കുന്ന രണ്ടു ദിവസത്തെ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഗുരുപ്രീത്, നേഹ എന്നിവരുടെ ഭർത്താക്കന്മാർ അവരെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ല. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പോലിസ് റിക്രൂട്ട്മെന്റ് പരീക്ഷ എഴുതിയ ഹർജിത് കൗറിനു ആ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന കനിത, പ്രേംജിത്, കൃഷ്ണ, ജാസ്പ്രീത്, സീമ എന്നിവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിൽ വിശ്വാസികൾ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബുധ്‌ലാട റീജിയൻ

**നാബ ഹമോം & ദുലാന്തി**

സുവിശേഷീകരണ പ്രവർത്തനത്തിലൂടെയും സത്സാംഗ് പ്രോഗ്രാമിലൂടെ 1200 പോരോടു സുവിശേഷം പങ്കുവെക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. ദർസം സിങ്, സരൺജിത് കൗർ എന്നിവർ തമ്മിലുള്ള അനൈക്യം വിവാഹമോചനത്തിന്റെ വക്കിലെത്തിയെങ്കിലും ഉപവാസ പ്രാർത്ഥനയിലൂടെ അവർ തമ്മിലുള്ള പ്രശ്നം തീരുകയും ഇപ്പോൾ അവർ സമാധാനപരമായ ജീവിതം നയിക്കുകയും ചെയ്യുന്നു.

പദ്ധതിയിട്ടിരിക്കുന്ന സുവിശേഷീകരണ പ്രവർത്തനവും ലഘുലേഖ വിതരണവും ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ രണ്ടു വർഷമായി കാണാതെ പോയ ഹർപ്രീത് സിങ് കുടുംബാംഗങ്ങളുടെ പ്രാർത്ഥനയെ തുടർന്നു സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. നന്ദഗർ, സാക്പാക്സോ, കിൽക്കാലൻ, യാത്രി എന്നീ ഗ്രാമങ്ങളിൽ ലഭിച്ച പുതിയ സ്നേഹിതർക്കായി പ്രാർത്ഥിക്കുക. വിശ്വാസത്തിലേക്കു വന്ന നേഹ, രോഹിത എന്നീ കുടുംബങ്ങൾ കർത്താവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും സുരക്ഷിതതത്വത്തിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന
ദിനം




ശ്രീമതി. മലങ്കമി സനലംഗ് ദിത്തുങ് ബൗ

## ജൈജത്തോ

### ചിത്തരഞ്ജൻ താണി & തേജസ്വിത

11 വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 410 പേരോടു സുവിശേഷം പങ്കുവെക്കുകയും ലഘുലേഖ വിതരണം ചെയ്യുകയും ചെയ്തു. പൈശാചിക ബന്ധനത്തിൽ നിന്നും ഹാർസ്, കരൺ എന്നിവർ വിടുതൽ പ്രാപിച്ചു. ബസ്ക്കാന ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ പരിശീലനം നടത്തി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്ന മിൽക്കിത് സിങ്, പാപ്പു സിങ്, അമൻദീപ്, മാന്ദർ സിങ് എന്നിവർ വിശ്വാസ ജീവിതത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ദർശം സിങ്, കക്കസിങ്, ബിട്ടു സിങ്, രാജി സിങ് എന്നിവരുടെ കുടുംബം ദാരിദ്ര്യം അനുഭവിക്കുന്നു. ഇവരുടെ മദ്യപാനവും മയക്കു മരുന്നുപയോഗവും കുടുംബത്തിന്റെ സമാധാനം നശിപ്പിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ബിട്ടുസിങ് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വന്ദന, സുമൻ കലുവ എന്നിവർ വിശ്വാസികളെ അവരുടെ വിശ്വാസം ഉപേക്ഷിക്കുവാൻ സമ്മർദ്ദം ചെലുത്തുന്നു. ഇവർ യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞു മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ബട്ടാല

### വാൽവി നേതാജി & കൽപന

ആദ്യമായി സുവിശേഷം പ്രഘോഷിച്ച കൽവി, കോട്ടാള ഗ്രാമത്തിലെ 630 പേർ സുവിശേഷം ശ്രവിച്ചു. 50 വയസ്സുള്ള ഗോൽദിക്കു മൂന്നാം പ്രാവശ്യവും ഹൃദയ സ്തംഭനമുണ്ടായി. ഡോക്ടറന്മാർ 70 മണിക്കൂർ മാത്രമേ ജീവിക്കയുള്ളു എന്നു പറഞ്ഞു. എന്നിരുന്നാലും വിശ്വാസികൾ ഒത്തുച്ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം കരുണചെയ്തു അയാളുടെ ആയുസ്സു വർദ്ധിപ്പിച്ചു. അണുബാധ നിമിത്തം രോഗികളായ അഞ്ചന, റോഷൻ എന്നിവരെ കർത്താവ് സൗഖ്യമാക്കി. സഭ കമ്മറ്റിയംഗമായ സാലിയെ വലിയൊരപകടത്തിൽ നിന്നും ദൈവം വിടുവിച്ചു.

ചികിത്സക്കു വിധേയ ആയ സുവിത ഇപ്പോഴും പനിയാൽ കഷ്ടപ്പെടുന്നു. അവളെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേത്ര രോഗത്തിൽ നിന്നും ഷാമയെയും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും പഞ്ചാബ് സിങിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതത്തിൽ മദ്യപാന സ്വഭാവം തുടരുന്ന ജോൺമാലി, കനിമസി, യാക്കോബ് മസി എന്നിവർ മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ അനിത, സോണിയ, മഞ്ജു, സുമൻ, ദയാൽ സിങ്, രഘുനാഥ് എന്നിവർ ദൈവഭയത്തിലും ഭക്തിയിലും വളർന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക.

**5**
**സെപ്റ്റംബർ**
**വ്യാഴം**

## ജന്മദിനാശംസകൾ

ശ്രീ. എസക്കിയ്യ
ശ്രീ. ധർമ്മേന്ദ്ര പരിച്ച

# ഹരിയാന

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക**

ജീപ്പ് ടീമിന്റെ പ്രവർത്തനത്താൽ 400 വ്യക്തികൾ യേശുവിനെ അറിഞ്ഞു. രണ്ടു സ്ഥലത്തു ജീസസ് ഫിലം പ്രദർശിപ്പിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ജയ്ല സിങിനു ഒരു വസ്ത്ര വ്യാപാരശാലം തുടങ്ങുന്നതിനു ദൈവം കൃപ ചെയ്തു. കഠിനമായ ഉദര വേദനയിൽ നിന്നും അമൻസിങ് വിടുതൽ പ്രാപിച്ചു. ദെബ്‌വാലി ഗ്രാമത്തിലെ ആരാധന യോഗത്തിൽ അനേക ആളുകൾ സംബന്ധിക്കുന്നു.

വിശ്വാസികൾ ആവേശത്തോടുകൂടി നമ്മുടെ സ്വദ്ദേശ സുവിശേഷകനോടു ചേർന്നു സുവിശേഷവേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. സാമൂഹ്യ സമ്മർദ്ദം ഹേതുവായി കോരസിങ്, സജ്ജു, ദർഷൻ സിങ് എന്നീ കുടുംബങ്ങളിലുള്ളവർക്കും ഭഗീരഥിയുടെ പിതാവ്, സുരേന്ദർ, രാജ്കുമാർ എന്നിവർക്കും യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ സാധിക്കുന്നില്ല. ഇവർക്കു മുന്നോട്ടു കടന്നു വരുന്നതിനു ആവശ്യമായ വിശ്വാസവും ധൈര്യവും കർത്താവ് പകർന്നു നൽകേണ്ടതിനായി പ്രാർത്ഥിക്കുക. റായ് സിങ്, ഗുംഹാർ, മാലി, മഹാശ എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# രാജസ്ഥാൻ

### തപുക്കാര

**ജോൺസൺ തമിഴ് സെൽവൻ & രാജമ്മാൾ; ദാനിയേൽ മാർവെൽരാജ് & ജപശീലി**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവായി അംഗീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. വിശ്വാസികൾ തീഷ്ണമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ബൻസിലാൽ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. സുനിത പ്രാർത്ഥനയോടെ കുഴൽ കിണർ കുഴിച്ചപ്പോൾ വലിയ ആഴമില്ലാതെ ജലം ലഭിച്ചു.

പുതിയ വിശ്വാസികൾ ക്രിസ്തുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. സൈക്കിൾ കടയിൽ ജോലി കുറവായതിനാൽ മനു ഉപജീവനത്തിനു കഷ്ടപ്പെടുന്നു. ഭർത്താവിന്റെ മദ്യപാനം നിമിത്തം പൂനം ബൻ ജീവിതത്തിൽ ദുരിതം അനുഭവിക്കുന്നു.

### പരിശുദ്ധാത്മാവിന്റെ പ്രവർത്തി ഗ്രാമത്തെ മാറ്റിമറിച്ചു!

മദ്ധ്യ പ്രദേശിലെ ധാർ മിഷൻ വയലിലുള്ള ഭിൽ സമുദായത്തിൽ മുമ്പു സംഭവിക്കാത്ത വിധത്തിൽ പരിശുദ്ധാത്മാവ് വങ്കാര്യങ്ങൾ ചെയ്യുന്നു. മൂന്നു വർഷത്തോളം പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട ഗോലുവിനെ കർത്താവ് വിടുവിച്ചു. തത്ഫലമായി പുതിയ ഗ്രാമമായ നിമ്രാണിയിൽ സുവിശേഷം ഘോഷിക്കുന്നതിനും അവിടെ ഒരു ആരാധനക്കൂട്ടം ഉരുവാക്കുന്നതിനും സാധിച്ചു. ദൈവത്തിനു മഹത്വം!

## 6 സെപ്റ്റംബർ വെള്ളി

## ജന്മദിനാശംസകൾ

ഷൈക് സുബാനി

### ഖാജുവാല

### വി കുമാർ & പെട്രിഷ്യ

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നിരന്തരമായ പ്രാർത്ഥന യുടെ ഫലമായി റീന തന്റെ കോളജ് പരീക്ഷയിൽ 76% മാർക്കു വാങ്ങി. തൊഴിൽ പരീക്ഷയിലും നല്ല വിജയം കരസ്ഥമാക്കി. ദൈവാലയത്തിൽ പോകുന്നതിനെ എതിർത്ത രക്ഷിതാക്കൾ ഇപ്പോൾ ആരാധനക്കു പോകുവാൻ ഉത്സാഹിപ്പിക്കുന്നു. 28-ാം കോളനിയിലെ ജസ്വന്ത് സുവിശേഷ വേല ചെയ്യുവാനായി മുന്നോട്ടു വന്നു. 17 ഗ്രാമങ്ങളിലായി അനുധാവന പ്രവർത്തനം നടത്തി. നമ്മെ ക്ഷണിച്ചവരുടെ ഭവനങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ നടത്തി.

പരംസിത്സിങ്ങും സുഗണയും അവരുടെ ജോലിയോടുള്ള ബന്ധത്തിൽ 28-ാം കോളനിയിൽ നിന്നും രാംസിങ്ങ്പുരീലേക്കു താമസം മാറ്റി. ഇവരുടെ വിശ്വാസം നഷ്ടപ്പെടാതെ ദൈവം ഇവരെ പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മെച്ചമായ ജോലിക്കു വേണ്ടി ശ്രമിക്കുന്ന നമ്മുടെ വിശ്വാസികളായ റീനക്കും മറ്റു വിശ്വാസികൾക്കും അവരുടെ പരിശ്രമത്തിന്റെ ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി മയങ്ങി വീഴുന്ന രാമസരന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജനങ്ങളുടെയും കുട്ടികളുടെയും സ്ത്രീകളുടെയും സഭാമൂപ്പന്മാരുടെയും പരിശീലന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. അതിർത്തി സേനയെ ഭയന്നു ആരാധനാലയത്തിൽ കടന്നു വരാതിരിക്കുന്ന വിശ്വാസികൾ ഭയത്തിൽ നിന്നും മുക്തരായി ആരാധനയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖെർവാദ / ബിലാദ

### ദേവുബായ് & ജമുബൻ

പത്തു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. മക്കളില്ലാതെ ഭാരപ്പെട്ട വിഘ്നേശും ഭാര്യയും നിരവധി പൂജകളും ബലികളും നൽകി നിരാശപ്പെട്ടിരിക്കുന്ന വേളയിൽ നമ്മുടെ സ്വദ്ദേശ സുവിശേഷകൻ കടന്നു ചെന്നു പ്രാർത്ഥിച്ചതിനെ തുടർന്നു അവർക്കു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റു ഭാരപ്പെട്ട കാലുബായിക്കു വേണ്ടി വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം പാമ്പിൻ വിഷത്തെ നിർവീര്യമാക്കി. ക്ഷയരോഗത്താൽ കഷ്ടപ്പെട്ട കാന്തിലാലിനെയും ജയന്തിലാലിനെയും വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന പാര ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ഹർവാര, പാലക്കാര എന്നീ മേഖലകളിൽ ഉള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഓട ഗ്രാമത്തിലെ ശങ്കറിനെ രക്തസ്രാവത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാരായൺ, നരിനാഥ് എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ഉദൈപൂർ : ആശീഷ് & സവിത**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച 29 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. ആറു കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച അന്വേഷക ക്യാമ്പിൽ 150 വ്യക്തികൾ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. മക്കളില്ലാതെ ഭാരപ്പെട്ട വിമല, നിർജോസ എന്നിവരുടെ തീഷ്ണമായ പ്രാർത്ഥനയുടെ ഫലമായി ദൈവം അവർക്കു മക്കളെ നൽകി അനുഗ്രഹിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും മുകേഷ്, മോഹൻ, ആനന്ദി, ശ്യാംലാൽ എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തരായ പ്രഭുലാൽ, ശംഭുലാൽ, ശിവ, പമ്മരാജ് എന്നിവർ കടഭാരത്താൽ കഷ്ടപ്പെടുന്നു. ഇവർ തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ ഉപേക്ഷിച്ചു കർത്താവായ യേശുക്രിസ്തുവിൽ വിടുതൽ പ്രാപിച്ചു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്ത്യൻ പ്രകാശ് & സുമിത്ര**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കു വെച്ചു. 360 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. തന്റെ തൊഴിലിനോടുള്ള ബന്ധത്തിൽ അടിക്കടി യാത്ര ചെയ്യുന്ന സുന്ദർലാലിനെ വലിയൊരു അപകടത്തിൽ നിന്നും ദൈവം സംരക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും പുഷ്പ ദേവി വിടുതൽ പ്രാപിച്ചു.

റോട്ടാബാരിയ ഗ്രാമത്തിലെ ആറു വയസ്സുള്ള റിത്തിക്കിന്റെ മൂക്കിൽ നിന്നും രക്തം വരുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹൃദയത്തിൽ വീക്കമുണ്ടായ എഴു വയസ്സുള്ള യുവരാജിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്തിൽ നിന്നും ലാൽമാൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാംക്കലിയുടെ വസ്തു സംബന്ധമായ പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ഹസൈറാൻ

**സുരേഷ് മാൾട്ടോ & പ്രേമലത**

എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. വ്യക്തിഗത സുവിശേഷ വേലയിലൂടെ അനേകരോടു സുവിശേഷം അറിയിച്ചു. രണ്ടു സ്ഥലത്തു സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ വിശ്വാസികൾ താൽപര്യപൂർവ്വം പങ്കെടുത്ത് മറ്റുള്ളവരുടെ രക്ഷക്കു വേണ്ടി തീഷ്ണമായി പ്രാർത്ഥിച്ചു.

മോതഗാപൂർ ഗ്രാമത്തിലെ പിമ്പാറ്റത്തിലായ ഉബേഷ് കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സർവേശ് ക്ഷയരോഗത്തിൽ നിന്നും മജ്ജിള ഗ്രാമത്തിലെ അനരാഗ് തളർവാതത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹസരെൻ ഗ്രാമത്തിൽ ആരാധനക്കായി ഒരു താൽക്കാലിക ആലയം പണിതു. സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 8 സെപ്റ്റംബർ ഞായർ

### ഗോണ്ട ബാലഭവനം

**ഓംപ്രകാശ് ഗുപ്ത & തുമ്പ ചൗധരി**

ബാലഭവനത്തിലേക്കു പുതുതായി 15 കുട്ടികളെ കൂടി ചേർത്തു. നട്ട് സമുദായത്തിൽ നിന്ന് രണ്ടു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഗോണ്ട ബാലഭവനത്തിന്റെ വസ്തു സംബന്ധമായ കേസിൽ നമ്മുടെ എതിർകക്ഷിക്കു കോടതിയിൽ മതിയായ രേഖകൾ സമർപ്പിക്കുവാൻ കഴിയാതിരുന്നതിനാൽ 2019 ൽ കോടതി നമ്മുടെ ബാലഭവനത്തിനു അനുകൂലമായ നൽകിയ സ്റ്റേ ഓർഡർ നിലനിൽക്കുന്നതായി കോടതി വിധിച്ചു. നമ്മുടെ ബാലഭവനത്തിലെ പൂർവ്വ വിദ്യാർത്ഥിയായ കെതൻ കുമാറിനു നല്ല ജോലി ലഭിച്ചതിനെ തുടർന്നു ബാലഭവനത്തിൽ ഇപ്പോൾ പഠിക്കുന്ന ഒരു കുട്ടിയെ സ്പോൺസർ ചെയ്യുവാൻ തയ്യാറായി.

പത്താം ക്ലാസ്സിൽ പഠിക്കുന്ന ആശിഷ്, അൻമിത്, മോഹിത് എന്നിവരും പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന അഭിഷേക്, സിവം എന്നിവരും പഠിച്ചു നല്ലമാർക്കു കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിദ്യാധറിന്റെ മാതാവ് പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്നു. അവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നട് സമുദായത്തിലുള്ളവർ യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് കൂട്ടമായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ സഹോദരങ്ങളും മാതാപിതാക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബസ്തി

**പോൾ ശ്രീനിവാസൻ & ഷീബ**

രണ്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു ദൈവസഭയിലെ അംഗമായി. നൈക്കാവ് ഗ്രാമത്തിൽ ക്രമീകരിച്ച സത്സാംഗ് പ്രോഗ്രാമിൽ ധാരാളം പേർ പങ്കെടുത്തു. പത്പോൺ ഗ്രാമത്തിൽ വെച്ചു ഉത്തരേന്ത്യയിൽ മിഷൻ വയൽ ആരംഭിച്ചതിന്റെ വാർഷികം ആഘോഷിച്ചു. നമ്മുടെ മിഷനറിയുടെ മകൾക്കു സിം എം സി വെല്ലൂരിൽ നേഴ്സിംഗ് പഠനത്തിനു പ്രവേശനം ലഭിച്ചു. ജലാനിയ ഗ്രാമത്തിലെ സീമ ശരീരത്തിൽ രക്തത്തിന്റെ അളവ് കുറഞ്ഞതിനാൽ ഏറെ കഷ്ടപ്പെട്ടു. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവൾക്കു സൗഖ്യം നൽകി അവൾ സുരക്ഷിതയായി ഭവനത്തിൽ തിരികെയെത്തി.

ബുധനാഴ്ച ഉപവാസ പ്രാർത്ഥന നടത്തുന്ന വേളയിൽ മത തീവ്രവാദികൾ കടന്നുവന്നു ആകോശിക്കുകയും പ്രാർത്ഥന നിറുത്തിവെക്കുന്നതിനു വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ചന്ദ്രപൂർ ഗ്രാമത്തിലെ ഷീബ എന്ന കൊച്ചു പെൺകുട്ടി പ്രമേഹ രോഗത്താൽ വലയുന്നു. രാജി, ദീലീപ്, രാജേന്ദ്രൻ എന്നിവരുടെ കുടുംബത്തിൽ തലമുറകൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാൻസിയ ഗ്രാമത്തിലെ അമൻ, പോളിയോ ബാധിതനായതിനാൽ ഒരു ജോലിയും ചെയ്യുവാൻ കഴിയുന്നില്ല. ദൈവം അവനു സൗഖ്യവും ബലവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## 9 സെപ്റ്റംബർ
### തിങ്കൾ
### ജന്മദിനാശംസകൾ

ശ്രീമതി. യേശു രത്തിനം ത്യാഗരാജൻ
ശ്രീ. അനിൽ കുമാർ ബിസോയി
ശ്രീമതി. റാണി സുകന്തോ സിങ്
ശ്രീ. ജീവാനന്ദൻ, ശ്രീ. രൂബൻ ടുഡു
ശ്രീമതി രാസെഡ നയനബൻ ദേവ്ജിബായ്

### ഘാട്ടംപൂർ

**ജാംങ്കോലുൻ തൗതാങ് & ന്ഗൈതിയാൻചിങ്**

കഴിഞ്ഞ നാളുകളിൽ അടെക്കപ്പെട്ട ഗാട്ടംപൂർ, ജഗനബാദ്, പാവൻ എന്നീ ദൈവാലയങ്ങളിൽ ആരാധന ശുശ്രൂഷ പുനരാരംഭിച്ചു. ശുശുവാലിലെ സഭാസ്ഥാപന ദിനം വിശ്വാസികളുടെ സഹകരണത്തോടെ ആഘോഷിച്ചു. വിഷപാമ്പിൽ നിന്നും ജയ, രീത്ത എന്നിവരെയും അപകടത്തിൽ നിന്നും വിനോദിനെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു. തീഷ്ണമായ പ്രാർത്ഥനയുടെ ഫലമായി റാംവെസക്കു ഒരു ഇരു ചക്രവാഹനം വാങ്ങുന്നതിനും നരേശിനു ഒരു ഓട്ടോറിക്ഷ വാങ്ങുന്നതിനും ജാവലിനു ഒരു നാലു ചക്ര വാഹനം വാങ്ങുന്നതിനും ദൈവം കൃപ ചെയ്തു.

എതിർപ്പു നിമിത്തം അടച്ച ദൈവാലയങ്ങൾ ആരാധനക്കായി വീണ്ടും തുറക്കേണ്ടതിനും പരിശുദ്ധാത്മാവാം ദൈവം വിശ്വാസികളുടെ ഉള്ളിൽ നിന്നും ഭയം നീക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിനാൽ അവർ ധൈര്യം സംഭരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം അടയ്ക്കുന്നതു സംബന്ധമായി കോടതിയിലുള്ള കേസിനു ക്രിസ്ത്യാനികൾക്കു അനുകൂലമായ വിധി ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വേദപ്രകാശിന്റെ വിവാഹം ക്രിസ്തീയ രീതിയിൽ അനുഗ്രഹകരമായി നടത്തി.

### ബർത്താന : രാജൻ & ജപമലർ

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു വർഷമായി തലമുറയ്ക്കായി പ്രാർത്ഥിച്ച സന്ധ്യക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ആസിഡ് ട്യൂബ് പൊട്ടിയുണ്ടായ അപകടത്തിൽ നിസ്സാര പരുക്കുകളോടെ സുമിത് കുമാറിനെ ദൈവം പരിപാലിച്ചു. അഞ്ചു വർഷത്തോളം സംസാര ശേഷിയില്ലാതെ കഷ്ടപ്പെട്ട റിഷാബ് കുമാറിനെ പ്രാർത്ഥനയുടെ ഫലമായി ദൈവം സൗഖ്യമാക്കി. തലക്കു പരുക്കു പറ്റിയതിനാൽ കഷ്ടപ്പെട്ട ദീപുവിനെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും രാജ്കുമാർ, റിഹാൻസു എന്നിവർ വിടുതൽ പ്രാപിച്ചു.

മേഹന ദൈവാലയത്തിനെതിരായ കേസ് കേൾക്കുന്നതിനു കോടതി വിളിക്കുമ്പോൾ ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നപ്ളാക പൂർവ ഗ്രാമത്തിൽ നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകന്റെ ഭാര്യയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. സന്നദ്ധ പ്രവർത്തകയായ സ്വപ്നയുടെ ഗർഭപാത്രത്തിൽ നടത്തിയ ശസ്ത്രക്രീയ നിമിത്തം അവൾ ക്ഷീണിതയാണ്. ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മമത, അനുരാധ., സൂധീഷിന്റെ ഭാര്യ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 10 സെപ്റ്റംബർ ചൊവ്വ

**ജന്മദിനാശംസകൾ**

ശ്രീമതി. സപ്ന ഓം പ്രകാശ്

**ജാലൗൻ: രാകേഷ് രത്തിലാൽ & രേശ്മ മാരുതി**

രണ്ടു ഗ്രാമങ്ങളിലുള്ള 50 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നൈപുര ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു മാസത്തിലധികമായി രോഗിയായിരിക്കുന്ന സ്വദേശ സുവിശേഷകന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ആത്മീക കൂട്ടായ്മ അനുഗ്രഹകരമായി നടത്തി.

ലാൽപുറ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ കർത്താവിലുള്ള വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു മാസത്തോളമായി രോഗത്താൽ വലയുന്ന ജക്കോലി ഗ്രാമത്തിലെ സോനത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ എൻ രാജദുരൈ & പ്രേമ**

മിഷനറി പരിശീലനം പൂർത്തീകരിച്ച മിഷനറിമാരെ വിവിധ മിഷൻ വയലുകളിലെക്കു നിയമിച്ചു. മിഷനറി പരിശീലനാർത്ഥികൾ ജാൻസി ബാലഭവനത്തിലുള്ള കുട്ടികളുടെ പഠനത്തിലും ആത്മീക വളർച്ചയിലും വേണ്ട സഹായങ്ങൾ നൽകുന്നു. മിഷനറിമാരുടെ ബിരുദ ദാന ചടങ്ങിൽ പങ്കെടുത്ത ഒരു നേഴ്സ് പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. പുവത്ത്ദെര, നാഗർദേല, കെവത്ദേല, കോമാത്, സിമ്രിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

സുവിശേഷം ശ്രവിച്ച പുതുവാര ഗ്രാമത്തിലെ രജനിസ് കമാനിയായുടെ ഹൃദയത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നർഗാർദോര ഗ്രാമത്തിൽ നിയമവിരുദ്ധമായി ചാരായം വാറ്റി വില്പന നടത്തുന്നു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന മോഹൻ കേവത്തിന്റെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതുതായി തിരഞ്ഞെടുത്ത മിഷനറിമാരെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുന്നതിനായി വിവിധ മിഷൻ വയലുകളിലേക്കു അയച്ചിരിക്കുന്നു. ബാലഭവനത്തിലെ കുട്ടി കമലേശ് എല്ലിനു ബാധിച്ച ക്ഷയരോഗത്താൽ കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### റോഡിൽ യേശുവിനെ കണ്ടുമുട്ടി.

ജാർഖണ്ഡിൽ ചന്ദോപാനി മിഷൻ വയലിലെ ശ്രീമതി മഹാദേവി ചാരായ വില്പന നടത്തുന്നു. മിഷനറിമാർ അവളെ മാർഗ്ഗമധ്യെ കണ്ടുമുട്ടി സുവിശേഷം പങ്കുവെച്ചു. സുവിശേഷം കേട്ട മാത്രയിൽ പരിശുദ്ധാത്മാവ് അവളിൽ പ്രവർത്തിച്ചു. അവൾ കരഞ്ഞു തന്റെ പാപത്തെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞു. അവളും മകനും ആ വഴിയരികിൽ നിന്നു കണ്ണുനീരോടെ പ്രാർത്ഥിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. മിഷനറിമാർ അവളുടെ ഉപജീവനത്തിനു മറ്റൊരു തൊഴിൽ കാണിച്ചു കൊടുത്തു. ദൈവത്തിനു മഹത്വം!

ഉപവാസ
പ്രാർത്ഥന
ദിനം




ശ്രീമതി. കാശേലി സെമ യെക്ടോ ചോപ്പി
കുമാരി. മേഴ്സി എം എച്ച് ചുവാസി

## മദ്ധ്യപ്രദേശ്

### ദുൽക്കോത്

**ഗോപി കൃഷ്ണൻ & മേനക**

സിത്തിയാം ഗ്രാമത്തിലെ ജിത്തിൻ വയറു വീർക്കുന്ന രോഗത്താൽ കഷ്ടപ്പെടുന്നു. അവനു ഭക്ഷണം കഴിക്കുവാൻ സാധിക്കുന്നില്ല. പല പ്രകാരത്തിലുള്ള ചികിത്സകൾ നടത്തി. ഒരു പ്രയോജനവും ലഭിച്ചില്ല. ഒടുവിൽ അവൻ ദൈവാലയത്തിൽ വന്നു. വിശ്വാസികൾ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. ഓടി ഗ്രാമത്തിലെ അനിത പൈശാചിക ബന്ധനത്തിൽ വലിയ ഉപദ്രവം ചെയ്തിരുന്നു. അവളെ ചങ്ങലക്കിട്ടു ദൈവാലയത്തിൽ കൊണ്ടുവന്നു. വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു പൂർണ്ണ വിടുതൽ നൽകി. ഇവിടെയുള്ള ജനങ്ങളുടെ വിടുതലിനായി സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ 84 പേർ പങ്കെടുത്തു തീഷ്ണമായി പ്രാർത്ഥിച്ചു. സത്സാംഗ്, സ്ത്രീകളുടെ യോഗം എന്നിവ വിജയകരമായി നടത്തി.

ജയറാമിന്റെ കുടുംബത്തിലെ പ്രശ്നങ്ങൾക്കു ഒരു പരിഹാരം ഉണ്ടാകേണ്ടതിനും അവർ സമാധാന ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ധോൺ ഗ്രാമത്തിൽ സത്സാംഗ് പ്രോഗ്രാമും പന്ഥാരി, ദന്ഥ എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗവും ഡോമനിയ ഗ്രാമത്തിൽ ആത്മാക്കളെ നേടുന്നവരുടെ യോഗവും നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അംമ്പ ഗ്രാമത്തിലെ പ്രാൺസിങ്ങിന്റെ ഭാര്യ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖർഗോൺ

**ബിനിത് പ്രസാദ് & അമോജിത**

15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിതഗണത്തിലായി. സിലോത്തിയ, കരോദി എന്നീ ഗ്രാമങ്ങളിൽ നടത്തിയ രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 140 പേർ പങ്കെടുത്തു. സഭാമൂപ്പന്മാരുടെ യോഗത്തിൽ 15 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. 20 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പരിശീലനം പ്രാപിച്ച സഭാമൂപ്പന്മാർ സുവിശേഷീകരണ പ്രവർത്തനത്തിൽ ആനന്ദത്തോടെ പങ്കാളികളാകുന്നു. തുലിയ, ഗെർവാം എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

സിൽക്കാത്തിയ ഗ്രാമത്തിലെ മോഹിന്ദി ബന്നിന്റെ മക്കൾ ജയിലിൽ കിടക്കുന്നു. ഭർത്താവ് ഉപേക്ഷിച്ചിട്ടു പോയി. അവളുടെ ഉപജീവനത്തിനുള്ള മാർഗ്ഗം കർത്താവ് കാണിച്ചു കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലോക്രി ഗ്രാമത്തിലെ നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും റീനയും ലക്ഷ്മിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ശ്രീമതി. മെബൽ ക്രിസ്റ്റോഫർ
ശ്രീമതി. ഇർഗർ രേശ്മ മാരുതി

## ബീഹാർ

### ഈസ്റ്റേൺ ഗാംഗ്ഞെറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

കാരിയ, കത്‌ലു, ശിയാമ്പുർ, തക്കരഗോരി, ഹൽദിപാടി, പാലിയപാറ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സത്താപൂർ മിഷൻ വയിലിലെ അരാഹ ഗ്രാമത്തിലെ വിശ്വാസികളെല്ലാവരും ഒരുമിച്ചു നിന്ന് അവരുടെ വിശ്വാസത്തിനെതിരായുള്ള എതിർപ്പിനെ നേരിടുവാൻ തയ്യാറായി. വിഷ പാമ്പിന്റെ ദംശനമേൽക്കാതെ വാസുദേവിന്റെ മകളെ കർത്താവ് പരിപാലിച്ചു. കാജൽ കുമാരിയുടെ ചെവിയിൽ ഒരു പ്രാണി കയറിയതിനെ തുടർന്നുണ്ടായ അസഹനീയമായ വേദനയിൽ വിശ്വാസികൾ എണ്ണ തേച്ചു പ്രാർത്ഥിച്ച വേളയിൽ ദൈവം അവൾക്കു സൗഖ്യം നൽകി.

ക്രിസ്തീയ വിശ്വാസികളായതിന്റെ പേരിൽ പൊതു വഴി ഉപയോഗിക്കുവാൻ നമ്മുടെ വിശ്വാസികളെ മഹാദിപൂർ ഗ്രാമത്തിലുള്ളവർ അനുവദിക്കുന്നില്ല. ഈ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അഞ്ചു വർഷം മുമ്പ് ജോലി തേടി മഹാരാഷ്ട്രയിലേക്കു പോയ മഹേശ് കുമാർ ഒരു പ്രാവശ്യം പോലും ഭവനത്തിലേക്കു വന്നിട്ടില്ല. അവൻ സുരക്ഷിതനായി തിരികെ വന്നു കുടുംബത്തോടു ചേരേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന നമ്മുടെ മിഷനറിയുടെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### ആരാരിയ

**ജന്നീസ് & സുഗന്തി പുഷ്പരാജ്**

ഗീത ദേവിയും കൃഷ്ണ കുമാറും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജോലി തേടി അന്യ സംസ്ഥാനത്തേക്കു കുടിയേറി പോയ കിയൻ റിഷിദേവ്, ബൽവിർ കുമാർ, മുന്ദാൻ റിഷിദേവ് എന്നിവർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചെങ്കിലും സുരക്ഷിതരായി ഭവനത്തിൽ തിരികെ വന്നു. നമ്മുടെ വിശ്വാസിയായ മമതയുടെ മകൾക്കു അർദ്ധരാത്രിയിൽ പ്രസവ വേദന അനുഭവപ്പെട്ടു. വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചു ദൈവം അവൾക്കു സുരക്ഷിതമായ പ്രസവം നൽകി അനുഗ്രഹിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സുനിൽ, സഞ്ജൈ, മഹേഷ്, കാജൽ, റാണികുമാരി, മാധോൺ, റിഷിദേവ്, അശോക്, സൂരജ്, രാജേഷ്, റിങ്കി, ശ്യാം സുന്ദർ എന്നിവർ എല്ലാ തടസ്സങ്ങളെയും തരണം ചെയ്ത് ധൈര്യ പൂർവ്വം യേശവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ നന്മകൾ അനുഭവിച്ചറിഞ്ഞ നാരായൺ സാദയുടെ കുടുംബം വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയി. അവർ കർത്താവിങ്കലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിനടിമകളായിരിക്കുന്ന മുസഹാർ സമുദായം യേശുക്രിസ്തുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 13 സെപ്റ്റംബർ വെള്ളി

## ജാർഖണ്ഡ്

### ഗോപിക്കാന്ദർ

**ജോൺ ദിനേശ് & ബിന്നി ജ്ഞാനം**

76 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. നാലു സ്ഥലത്തു ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിച്ചു. ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിത ഗണത്തിലായി. വലിയൊരു അപകടത്തിൽ പെട്ടപോൾ ഹെന്റിയെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. മഞ്ഞപിത്ത രോഗത്തിൽ നിന്നു സതീഷ് ദെഹരി, മിഖാ കുമാരി എന്നിവരെ കർത്താവ് സൗഖ്യമാക്കി. മഴക്കാല കെടുതികളിൽ നിന്നും വിഷപാമ്പിൽ നിന്നും വിഷതേളിൽ നിന്നും വിശ്വാസികൾക്കു ദൈവം സുരക്ഷിതത്വം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

ആഭിചാര പ്രവർത്തനത്താൽ ചലന ശേഷി നഷ്ടപ്പെട്ട റിങ്കു ദെബരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നും ഛോട്ട ദെഹരിയും കരൾ സംബന്ധമായ രോഗത്തിൽ നിന്നും സിബു ദെഹരിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരായ ബാബുലാൽ, വിരേന്ദർ എന്നിവർ തങ്ങളുടെ ഉത്തരവാദിത്വം വിശ്വസ്തതയോടെ നിർവഹിക്കേണ്ടതിനായും അവരുടെ ത്മീക വളർച്ചക്കായും പ്രാർത്ഥിക്കുക. ക്രിസ്തീയ ശുശ്രൂഷയെ എതിർക്കുന്ന മോഹൻ, കലു, അജയ്, പുത്തുന, അനിൽ കാർത്തിക്, കെബു, ലക്കിറാം, കായൽ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### രാജമഹാൾ റീജിയൻ

**ആൽബർട്ട് പ്രഭാകരൻ & മുരുകമ്മാൾ എസ്ഥേർ**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 34 ഗ്രാമങ്ങളിൽ ജിസസ് ഫിലിം പ്രദർശിപ്പിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജിത്തിയ ഗ്രാമത്തിലെ വിശ്വാസികൾ തങ്ങളുടെ പണം ഉപയോഗിച്ചു ദൈവാലയ നിർമ്മാണത്തിനാവശ്യമായ വസ്തു വാങ്ങി. വിഷ പാമ്പിന്റെ കടിയേൽക്കാതെ ഷിബു പഹാടിയായെ ദൈവം രക്ഷിച്ചു. ക്രിസ്തീയ വിശ്വാസത്തിനെതിരെ ശക്തമായ എതിർപ്പുണ്ടായിരുന്ന അൽഹാർ ഗ്രാമത്തിൽ വെച്ചു നമ്മുടെ വിശ്വാസികളുടെ വിവാഹം ഭംഗിയായി നടത്തി. റിങ്കു ദേവിക്കു പ്രസവ സമയത്തു പ്രയാസങ്ങൾ നേരിട്ടെങ്കിലും സുരക്ഷിതമായി പ്രസവിക്കുവാൻ ദൈവം അവൾക്കു ശക്തി നൽകി.

ക്രിസ്തീയ ശുശ്രൂഷയെ എതിർക്കുന്ന മന്ത്രവാദിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മരണശയ്യയിലായിരിക്കുന്ന സുനിൽ സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതർഗാമ ഗ്രാമത്തിലെ ക്രിസ്ത്യാനികൾക്കു സ്വന്തമായി സെമിത്തേരി അവകാശമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൾട്ടോ ജനങ്ങളുടെ ഇടയിൽ ഇപ്പോഴും നടക്കുന്ന ശൈശവ വിവാഹത്തിന്റെ ദൂഷ്യവശങ്ങൾ അവർ മനസ്സിലാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ആറു കുടുംബങ്ങൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

**14**
**സെപ്റ്റംബർ**
**ശനി**
**ജന്മദിനാശംസകൾ**

ശ്രീ. ജോൺ ഡേവിഡ് എം

**പത്തർഗാമ**

**കൃഷ്ണൻ കുമാർ & ശാന്തിലാൽ**

കസിസാക്ക് ഗ്രാമത്തിൽ പുതിയതായി രാത്രി യോഗം ആരംഭിച്ചു. തടസാര്യ, മലാനി, നാഗപുരോ, പൗസി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാനും ലഘുലേഖകൾ വിതരണം ചെയ്യുവാനും ദൈവം കൃപ നൽകി.

മായക്കഞ്ച് ഗ്രാമത്തിലെ നമ്മുടെ വിശ്വാസി സാംപുരൈയുടെ എട്ടു വയസ്സുള്ള പൈതൽ മനിഷ് വൃക്കസംബന്ധമായ രോഗത്താൽ വലയുന്നു. ഇവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകക. ഗർഭസ്ഥ ശിശു നഷ്ടപ്പെട്ടതിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന പൂനത്തിന്റെ ആശ്വാസത്തിനായ് പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും പ്രേമാനന്ദ ദാസ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സജി, സന്തോ, പ്രീയങ്ക എന്നിവർക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഹൻസിഡിഹ**

**തിമോത്തി സെന്തിൽ & മുത്തുസെൽവി**

നമ്മുടെ സഭാ മൂപ്പൻ ലക്കോന്റെ കാള മത്സരിച്ചു പാടം ഉഴുവാൻ തയ്യാറായില്ല. ലക്കോൻ വയലിൽ മുഴങ്കാൽ മടക്കി പ്രാർത്ഥിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചു. കാള അനുസരണയോടെ പാടത്തു ജോലി ചെയ്തു. വിശ്വാസിയുടെ വിഷ പാമ്പിന്റെ ദംശനമേറ്റു മരണത്തോടു അടുത്ത മകൻ വിശ്വാസികളുടെ തീഷ്ണമായ പ്രാർത്ഥനയാൽ ജിവനിലേക്കു തിരികെ വന്നു.

യൗവ്വനക്കാരിയ ശ്രീമതി മുർമ്മു രോഗ സൗഖ്യത്തിനായി തങ്ങളുടെ വസ്തു വകകൾ വിറ്റു ആശുപത്രികളിൽ ചികിത്സക്കു വിധേയ ആയി. ധനം നഷ്ടപ്പെട്ടതല്ലാതെ സൗഖ്യം ലഭിച്ചില്ല. ഡോക്ടറന്മാരുടെ പ്രതീക്ഷ നഷ്ടപ്പെട്ടു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദൈവാലയം പണിയണമെന്ന സുബ്രാം ഗ്രാമത്തിലെ വിശ്വാസികളുടെ തീവ്രമായ ആഗ്രഹം സാദ്ധ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## വഴികളിൽ പരിപാലിക്കുന്ന ദൂതന്മാർ

ഹിമാചൽ പ്രദേശിലെ നൗഷേര മിഷൻ വയലിൽ പ്രവർത്തിക്കുന്ന നമ്മുടെ മിഷനറിയും ഭാര്യയും അതൽ ഗ്രാമത്തിൽ ഞായറാഴ്ചകളിൽ സന്ധ്യ ആരാധന ക്രമീകരിച്ചിരുന്നു. പതിവിനു വിപരീതമായി ധാരാളം ആളുകൾ പ്രാർത്ഥനക്കായി വന്നതിനാൽ പ്രാർത്ഥന നീണ്ടുപോയി. അടുത്ത പ്രഭാതത്തിൽ അവർക്കു മറ്റൊരു ഗ്രാമത്തിൽ പേകേണ്ടതിനാൽ രാത്രിയിൽ തന്നെ ഭവനത്തിലേക്കു മടങ്ങുവാൻ തീരുമാനിച്ചു. വിശ്വാസികളോടു യാത്ര പറഞ്ഞു ഇരുചക്ര വാഹനത്തിൽ യാത്ര ആരംഭിച്ചു. മലമ്പാത മുഴുവൻ ഇരുളു നിറഞ്ഞതായിരുന്നു. മോട്ടോർ സൈക്കളിന്റെ വെളിച്ചമല്ലാതെ മറ്റൊരു വെളിച്ചവും വഴിയിലില്ല. ശുശ്രൂഷയെ കുറിച്ചു സംസാരിച്ചു കൊണ്ടു വരുന്ന വഴിയുടെ തിരിവിൽ ഒരു കടുവ നിൽക്കുന്നു. അവരുമായി 20 അടി അകലം മാത്രം. അവർ ഇരുവരും പെട്ടെന്നു വണ്ടി നിറുത്തി ശാന്തമായി പ്രാർത്ഥിച്ചു. ആ കടുവ അഞ്ചു മിനിറ്റോളം റോഡിന്റെ നടുവിൽ നിന്നു. പിന്നീട് മലഞ്ചരിവിലേക്കു ഇറങ്ങിപ്പോയി. ഹല്ലെലുയ്യ സുരക്ഷിതമായി വീട്ടിലെത്തുവാൻ ദൈവം ഞങ്ങളെ സഹായിച്ചു.




ശ്രീ. വസാവ ബാങ്ങ്സിങ് മൗലിയ
ശ്രീ.പോൾ ദയാസിങ്
ശ്രീമതി. സാവിത്രി കുമാർ
ശ്രീമതി. എമിമാൽ തിലക്
ശലോമി മാൾട്ടോ

### ലാൽമട്ടിയ

**അമരേന്ദിരൻ & ഗൗരമ്മ**

പത്തു വ്യക്തികൾ പാപ ജീവിതം ഉപേക്ഷിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റു കഷ്ടപ്പെടുന്ന തെസ്മയ് ബസ്ത്രയെ ദൈവം വിടുവിച്ചു. അഞ്ചു വർഷത്തിലധികമായി ഉറക്കമില്ലാതെ കഷ്ടപ്പെട്ട സുനിൽ മാറാണ്ടി ആലയത്തിൽ വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവനെ സൗഖ്യമാക്കി. മസ്തിഷ്ക മലേറിയ നിമിത്തം വലഞ്ഞ ലക്കൻ മുർമ്മുവിനു വേണ്ടി വിശ്വാസികൾ പ്രാർത്ഥച്ചപ്പോൾ ദൈവം അവനു അത്ഭുത സൗഖ്യം നൽകി.

നമ്മുടെ സ്വദേശ സുവിശേഷകൻ സോൻമോയ് ഹൻസ്തയുടെ വിഷാദ രോഗത്താൽ വലയുന്ന ഭാര്യയുടെ വിടുതലിനായി പ്രാർത്ഥിക്കുക. എക്കാരി മേഖലയിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിച്ചപ്പോൾ സിജി ഗ്രാമത്തിലെ ചില പ്രമുഖ വ്യക്തികൾ സുവിശേഷത്തോടു എതിർപ്പു പ്രകടിപ്പിച്ചു. സുവിശേഷത്തിനെതിരായുള്ള ഇവരുടെ പ്രവർത്തനങ്ങൾ ഉപേക്ഷിക്കേണ്ടതിനും ദൈവസ്നേഹത്താൽ ഇവർ സ്പർശിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. സിജി ഗ്രാമത്തിലെ പ്രദീപ് ക്ഷയ രോഗത്താൽ കഷ്ടപ്പെടുന്നു. കാലിൽ പൊട്ടലുണ്ടായതിനെ തുടർന്നു ശയ്യാവലംബനായ കട്ടംപൂർ ഗ്രാമത്തിലെ പ്രധാൻ മറാണ്ടി സൗഖ്യം പ്രാപിച്ചു എഴുന്നേറ്റു നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗുപാദ ബാലിക ഭവനം

**സുഷാജിത സേനാപതി; സാവിത്രി; ഈവ്‌ലിൻ പാക്കിയ**

GNM കോഴ്സ് പഠിക്കുന്നതിനു നമ്മുടെ ആറു കുട്ടികൾക്കു അവസരം ലഭിച്ചു. ക്ഷയ രോഗത്താൽ കഷ്ടപ്പെട്ട അന്ന, സോനീലിയ എന്നിവരെ ദൈവം സൗഖ്യമാക്കി. സർക്കാർ ആശുപത്രിയുടെ സഹകരണത്തോടെ ഗ്രാമത്തിലുള്ളവരുടെ പ്രയോജനത്തിനായി ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മഴ നിമിത്തം കുട്ടികൾ നടന്നു വരുന്ന വഴിയിൽ വലിയൊരു കുഴി രൂപപ്പെട്ടു അതിൽ വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ അപകടം സംഭവിക്കുമെന്നറിഞ്ഞ ഗ്രാമീണർ ഇറങ്ങി ആ വലിയ ഗർത്തം മണ്ണിട്ടു മൂടി കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി.

പുതുതായി നിർമ്മിക്കുന്ന കെട്ടിടപണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രൂത്ത് നേഴ്സിംഗ് പഠനം പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പെൺകുട്ടികളുടെ മാതാപിതാക്കൾ അവരുടെ ദുശ്ശീലങ്ങൾ ഉപേക്ഷിച്ചു മക്കൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി പ്രശ്നം ഉണ്ടാക്കുന്ന പൗലൊസിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ പൂർവ്വ വിദ്യാർത്ഥി സംഗമം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

**16 സെപ്റ്റംബർ തിങ്കൾ**

**ജന്മദിനാശംസകൾ**

ശ്രീമതി. ഹേന കുമാരി ഗാൻസാൽവസ്

## പശ്ചിമ ബംഗാൾ

**ഗംഗരാമ്പൂർ : ഡിഹെ & ചരണി**

അഞ്ചു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. 17 ഗ്രാമങ്ങളിൽ നമ്മുടെ വിശ്വാസികളുടെ സഹകരണത്തോടെ നടത്തിയ സുവിശേഷീകരണ യോഗം അനുഗ്രഹകരമായിരുന്നു. വിശ്വാസികൾ പങ്കുവെച്ച സാക്ഷ്യം കേൾവിക്കാർ ആദ്യവസാനം ശ്രദ്ധയോട ശ്രവിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ച സുജിത് കിസ്കു, മോഗിലാൽ ടുഡു, ടോപാസ് മുർമ്മു, മങ്കൽ ഹസ്താക് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവാപ്പൻ മാർത്തി, ശമുവേൽ ഹെബ്രോം, ദിനേശ് മുർമ്മു എന്നീ സഭാ മൂപ്പന്മാർ ആത്മീക വളർച്ച പ്രാപിച്ചു സഭയെ ആത്മികമായി വഴിനടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പനപോഗാർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബാലുർഗാട്ട്: കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ; രജ്ഞൻ**

ബലിങ് ഗ്രാമത്തിലെ വിശ്വാസികൾ ആവേശത്തോടു കൂടി സുവിശേഷം ശ്രവിച്ചു. 15 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 96 ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെച്ചു. അനേകർ മിഷനറിമാരെ ശ്രദ്ധിച്ചു അവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു അഭ്യർത്ഥിച്ചു. അഹമ്മദ്പൂറിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. മഞ്ഞപിത്ത രോഗിയായ സീത നട്പാട്, വിഷപാമ്പിന്റെ കടിയേറ്റ ഡോള സൊറൻ, വൈറൽ പനി ബാധിച്ച ലോബോനി കിസ്കു എന്നിവരെ കർത്താവ് സൗഖ്യമാക്കി.

കോപാർദ, എക്മാലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊങ്കി, സക്രാണിയ, രാന്ധെ നഗർ, ഡോൻസി എന്നീ ഗ്രാമങ്ങളിൽ ദൈവവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ലതകി ഹെബ്രോം, ജാമിൻ കിസ്കു, പുതു ടുഡു, രാജ്കുമാർ സൊറൻ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സഭ ആരാധനയിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**യഹോവ ശാലോം!**

മഹാരാഷ്ട്രയിലെ ഇഗത്പുരി മിഷൻ വയലിലുള്ള മാനിഷ ഒരു വീഴ്ചയെ തുടർന്നു ബലഹീനയായി. അവൾക്കു ഭവനത്തിലെ ഒരു ജോലിയും ചെയ്യുവാൻ പ്രാപ്തിയില്ലാത്ത അവസ്ഥയായി. രണ്ടാമതൊരു കുഞ്ഞിനു കൂടി ജന്മം കൊടുക്കുവാൻ കഴിയാത്തതിനാൽ ഭർത്താവുമായി എന്നും വഴക്കായിരുന്നു. സമാധാനമില്ലാത്ത ജീവിതം. അവൾക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു രണ്ടാമതൊരു കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. അവൾ ഭർത്താവുമൊത്തു സമാധാന ജീവിതം നയിക്കുന്നു. ദൈവത്തിനു നന്ദി.

## 17 സെപ്റ്റംബർ ചൊവ്വ

### പക്കുവഹട്
### രാമകൃഷ്ണ & അഞ്ജലി

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി തീർന്നു. പ്രസവ സമയത്തെ ഗുരുതരമായ അവസ്ഥയിൽ മറിയം ടുഡു കർത്തവിങ്കലേക്കു നോക്കി. ദൈവം അവൾക്കു സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസിയായ സാപോൾ ഹെബ്രത്തിന്റെ വേർപാടിൽ എല്ലാവരും ഉപേക്ഷിച്ചെങ്കിലും മറ്റു വിശ്വാസികൾ ഉത്തരവാദിത്വം ഏറ്റെടുത്തു ക്രിസ്തീയ രീതിയിൽ സംസ്കാരം നടത്തി.

റാംങ്ക, താലിക്കാട്ട് എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടങ്ങൾ ഭാവിയിൽ ഒരു സഭ ആയി തീരേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്താർ കർമ്മ, സൽക്കോന എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ഞായറാഴ്ച ആരാധനക്കു പ്രാധാന്യം നൽകി എല്ലാ ആരാധനകളിലും സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉലന്ദാർ, നിമദങ്ക, ഉതാർ കർമ്മ, സൽക്കോന എന്നീ സഭകളിലെ സഭാമൂപ്പന്മാർ ആത്മനിറവിൽ സഭയെ ഫലപ്രദമായ വിധം വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാവരുടെയും പ്രാർത്ഥനയാൽ ഗർഭം ധരിച്ച സമിതയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

### ഇദഹാർ : ആഷ്ടബൻ ആദിത്യ & മാനിനി കുമാരി

ആറു വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ചു ക്രിസ്തേശുവിൽ പുതു ജീവിതം നയിക്കുന്നു. പത്തു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം അറിയിച്ചു. കൂടിവന്നവരുടെ ഇടയിൽ സുവിശേഷ പ്രതികൾ വിതരണം ചെയ്തു. രാത്രിയിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ അനവധിയാളുകൾ സംബന്ധിച്ചു. ചെറിയ പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ പരിശീലനം അനുഗ്രഹകരമായി നടത്തി.

സത്സാംഗ് പ്രോഗ്രാമിൽ പങ്കെടുത്ത 63 വ്യക്തികളുടെയും ജീസസ് ഫിലിം കണ്ട 165 പേരുടെയും ജീവിതങ്ങളെ കർത്താവ് സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ സുജൻ ഹെബ്രത്തിന്റെയും ജിറമനെ മാർത്തിയുടെയും കുടുംബങ്ങളിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. 26 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു തയ്യാറെടുക്കുന്നു.

### ദൈവം പ്രാർത്ഥന കേൾക്കുന്നു!

ഗുജറാത്തിൽ സൂറത്ത് മിഷൻ വയലിലെ ഗണേശ് നഗറിലുള്ള പുഷ്പബൻ ഉത്തമ ക്രിസ്തീയ വിശ്വാസിയാകുന്നു. അവൾ വളരെ ദരിദ്രയായതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന സൗജന്യ ഗ്യാസ് സിലണ്ടറിനു അപേക്ഷിച്ചു. ഗ്രാമത്തിൽ സൗജന്യ ഗ്യാസ് സിലണ്ടർ വിതരണം ചെയ്തപ്പോൾ മുൻഗണന ലിസ്റ്റിൽ അവളുടെ പേർ ആദ്യം ഉണ്ടെങ്കിലും അവൾക്കു കിട്ടിയില്ല. 13 ദിവസത്തെ തുടർമാനമായ പ്രാർത്ഥന കഴിഞ്ഞപ്പോൾ ദൈവം സഹായിച്ചു അവൾക്കു സിലണ്ടർ ലഭിച്ചു.

ഉപവാസ
പ്രാർത്ഥന
ദിനം

**18**
**സെപ്റ്റംബർ**
**ബുധൻ**

**ജന്മദിനാശംസകൾ**

ശ്രീ. ജോൺ സ്റ്റീഫൻ

**മാൾദ**

**ഉദിപ്ത കെ ജുമാർ & സുര്യകാന്തി**

രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലം പ്രദർശിപ്പിച്ചു. 57 പേർ വ്യക്തിപരമായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റു മരണത്തോടു മല്ലടിച്ച സജ്ജോതി പഹാടിയായെ ദൈവം സൗഖ്യമാക്കി. ശരീരത്തിലെ ബലഹീനത നിമിത്തം സുവാൻ പഹാടിയ ജോലി ഒന്നും ചെയ്യുവാൻ പ്രപ്തിയില്ലാത്തവനായിരിക്കുന്നു. എന്നാൽ വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവനു നല്ല ആരോഗ്യം നൽകി.

സുവിശേഷത്തെ എതിർക്കുന്ന സർജ പബാടിയായും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലഗുടി ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈനാച്ചി സഭയിലെ വിശ്വാസികൾ ഞായറാഴ്ച ആരാധനയുടെ പ്രാധാന്യത മനസ്സിലാക്കി കൂട്ടായ്മയിൽ സ്ഥിരമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന റോപസാന്ത്, സുനിൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുദ്ധമായ കുടിവെള്ളം ഇല്ലാത്തതിനാൽ പിച്ചമല ഗ്രാമത്തിലെ ജനങ്ങൾ ആരോഗ്യ പ്രശ്നം നേരിടുന്നു. അവർക്കു ശുദ്ധമായ കുടിവെള്ളം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജമ്പാനി**

**എഫ്രയിം മല്ലി &**
**പ്രോസോൺസിത മല്ലി**

രോഗിദ ഗ്രാമത്തിലെ ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അക്കാദ, കുസുംകട്ട്ലി, അങ്കർഗുനിയ, പിനസൊളെ, സങ്കരാം എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം കൃപ നൽകി. പിനസോളെ ഗ്രാമത്തിലെ എല്ലാ ഭവനങ്ങളിലും വ്യക്തിഗത സുവിശേഷവേലയിലൂടെ സുവിശേഷം അറിയിച്ചു. സുവിശേഷ പ്രതികൾ വിതരണം ചെയ്തു. ജനങ്ങൾ മിഷനറിമാരെ അവരുടെ ഭവനങ്ങളിൽ പ്രാർത്ഥന നടത്തുവാൻ ക്ഷണിക്കുന്നു.

പ്രതിഗ ഹസ്തയുടെ കുടുംബം അവൾ ആലയത്തിൽ വരുന്നതിനെ എതിർക്കുന്നു. ആ കുടുംബം യേശുവിന്റെ സ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. രാംനഗറിലെ ദൈവാലയ സംബന്ധമായ വസ്തുവിന്റെ പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റാംറാസ് ഹെബ്രത്തിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നീണ്ട കാലമായി രോഗത്താൽ ശയ്യാവലംബനായിരിക്കുന്ന ബ്യൂട്ടി ബുസാന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 19 സെപ്റ്റംബർ
വ്യാഴം

### ജന്മദിനാശംസകൾ

ശ്രീമതി. ഗ്ലോറി റോബർട്ട് വില്യം
ശ്രീ. പ്രത്യൂഷ് നായക്ക്

### താപാൻ

**ഹരമോഹൻ & സുസമ**

11 വ്യക്തികൾ പാപത്തെ ഏറ്റു പറഞ്ഞു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മുമ്പു കുടുംബത്തെ ആരാധനയിൽ വിടാതെ തടഞ്ഞ ശമുവേൽ സൊറൻ, തന്റെ രോഗത്തിനു പ്രാർത്ഥനയിലൂടെ സൗഖ്യം ലഭിച്ചപ്പോൾ രൂപാന്തരപ്പെട്ടു ഇപ്പോൾ ക്രിസ്തുവിന്റെ ഉത്തമസാക്ഷിയായിരിക്കുന്നു. തലച്ചോറിൽ രക്തസ്രാവമുണ്ടായ പുൽമാനി മാറാണ്ടിയെ കർത്താവ് സൗഖ്യമാക്കി.

നെഗമ്പ ഗ്രാമത്തിലെ സണ്ടെ സ്കൂൾ അദ്ധ്യാപകനായ സാവിത്രി ഹൃദയത്തിൽ ഉണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്നു, 12 വയസ്സുകാരൻ ജയദേവ് കഴുത്തിലെ ട്യൂമറിനാൽ കഷ്ടപ്പെടുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജസ്വൻ സൊറനു കേൾവി ശക്തി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

### തപ്ക്കാര

**അരുൺകുമാർ & സാരഥി**

നാലു ഗ്രാമത്തിലുള്ള 50 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുവാൻ ദൈവം സഹായിച്ചു. കേർജി ഗ്രാമത്തിലെ മധു യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കക്കാത്ത, പുൻമേര, ബർജി എന്നി മേഖലകളിൽ രാത്രിയിൽ സത്സംഗ് പ്രോഗ്രാം നടത്തി. ഉമൻസിയ മേഖലയിൽ നടത്തിയ ആരാധന യോഗത്തിൽ ധാരാളം ആളുകൾ സംബന്ധിക്കുന്നു.

സീനിയർ വിശ്വാസിയായ ഭജന്റെ ഭാര്യ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രകൃതി ക്ഷോഭത്താൽ നാശം സംഭവിച്ച ഭാരത്പാറ, പുൻമേര, മഹാദേവമുണ്ട എന്നീ ഗ്രാമങ്ങളിലുള്ള ദൈവാലയങ്ങളുടെ അറ്റകുറ്റ പണി പൂർത്തീകരിച്ചു. ദബ്ഗാര ഗ്രാമത്തിലെ യൗവ്വനക്കാർ യേശുവിനെ കണ്ടു മുട്ടേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും പ്രതിമയും ശശിയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വദ്രാഫ് നഗർ

**ഭൂപതി & പൗലിൻ മേരി**

26 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ലാമെറി ഗ്രാമത്തിൽ ഒരു വർഷത്തോളം നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിച്ചു. കൊയ്വ ഗ്രാമത്തിലെ ആരാധന യോഗം ഭംഗിയായി പുരോഗമിക്കുന്നു. ആരാധന യോഗത്തിൽ 20 പേർ പങ്കെടുക്കുന്നു.

പ്രദാപൂർ, രാജപൂർ,വദ്രാപ് നഗർ എന്നീ പ്രദേശത്തുള്ള മുഴുവൻ ആളുകളോടും സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തിനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പീഢനത്തിന്റെ മദ്ധ്യത്തിലും വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരുടെ മടങ്ങിവരവിനായി പ്രാർത്ഥിക്കുക.




ശ്രീ. യോഹാൻ മാൽട്ടോ

## ഒടിഷ

### ജഗനാഥ്പൂർ

**ബസുദേവ മാൽട്ടോ & ബാസന്തി മാൽട്ടോ; ഏബ്രഹാം; സുരേഷ് മാൽട്ടോ**

18 വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പുതു ജീവിതം നയിക്കുന്നു. വിശാലമായ രീതിയിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. 12 ഗ്രാമങ്ങളിലുള്ള 3896 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 9100 ലഘുലേഖകളും 250 പുതിയ നിയമങ്ങളും വിതരണം ചെയ്തു. രാജ്യത്തിന്റെ ഉണർവ്വിനായി ദോന്ദ സഭയിൽ ഒരു യോഗം നടത്തി. അനേക ആളുകൾ കുടിവന്നു രജ്യത്തിന്റെ വിടുതലിനായി കരം കോർത്തു പ്രാർത്ഥിച്ചു. ഘോര വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ജോജുക്കുട്ടു ഗ്രാമത്തിലെ ലക്ഷ്മണനോടു സുവിശേഷം പങ്കുവെച്ചു. അവൻ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

ദോന്ദ, റാപൽദുവ, പ്രജാമുദ, മഹാദിസ എന്നീ ദൈവാലയങ്ങളിലെ വിശ്വാസികൾ നടത്തുന്ന സുവിശേഷ വേല ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. റാപൽദുവ, ജമുലി, ദുരൈസൈ, പരജമുദ, പുരുസായ് എന്നീ സഭകളിൽ നടത്തുന്ന സഭാമൂപ്പന്മാരുടെ പരിശീലനം, ആത്മാക്കളെ നേടുന്നവരുടെ ക്യാമ്പ് എന്നിവ അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സുനിൽപാരി, ബസുദേവ് ബിസ്വ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ കഷ്ടപ്പെടുന്ന ജഗമോഹന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

### ദെക്കനാൽ

**അശോക് നായക് & സുരഭി**

പത്തു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. വിശ്വാസികളുടെ തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി താല മുണയുടെ കാലിലെ നീർ പൂർണ്ണമായി മാറി സൗഖ്യം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും മമത ഹെമ്പേജ് വിടുതൽ പ്രാപിച്ചു. ജമാലി, അൽക്കപത്ന, കുതുക്കാട്ടു, അലൻസ് എന്നീ ഗ്രാമങ്ങളിലുള്ളവർ സുവിശേഷം വാഞ്ചയോടെ ശ്രവിച്ചു.

ദുര ബൂർത്തി, ലക്ഷ്മിബൻ ബുർത്തി, ബജാര മുണ്ട, പങ്കജ് മുണ്ട, രാജി മുണ്ട, ജയന്തി മുണ്ട എന്നി കുടുംബങ്ങൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാലിൽ പൊട്ടലുണ്ടായതിനാൽ കഷ്ടപ്പെടുന്ന ബാലൻ എസ്രയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ മങ്കൽ മുണ്ടയുടെ വിടുതലിനായി പ്രാർത്ഥിക്കുക. താൽപര്യത്തോടെ സുവിശേഷം ശ്രവിച്ചവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**21**

**സെപ്റ്റംബർ**

**ശനി**

## ജന്മദിനാശംസകൾ

ശ്രീ. പ്രശാന്ത കുമാർ കെ
എബിനേസർ ശമുവേൽ

### ജാഷിപൂർ

**ശമുവേൽ ജെ & ഹവീലാ;**
**അരവിന്ദ് കുമാർ & ഹെലൻ മറിയം**

13 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു രക്ഷിതഗണത്തിലായി. കാട്ടിൽ നഷ്ടപ്പെട്ടു പോയ മനോജ് സിർക്കയുടെ ആടുകൾ സുരക്ഷിതമായി ഭവനത്തിൽ തിരികെ എത്തി. പ്രാദേശിക സുവിശേഷകൻ സ്വന്തമായി ഒരു മോട്ടർ സൈക്കിൾ വാങ്ങി. സുവിശേഷ വേലയിൽ ആദ്യം അവനെ എതിർത്ത രക്ഷിതാക്കൾ ഇപ്പോൾ സുവിശേഷവേലയിൽ അവനോടു കൂടെ പങ്കാളികളാകുന്നു. ലാമ്പുഗാദ ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ഉരുവാക്കി.

ബങ്കില ബൂർത്തി, രാമചന്ദ്ര ബൂർത്തി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലയെ എതിർക്കുന്ന ബന്ധുവായ ഹരി ബൂർത്തിയെ കർത്താവ് സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേത്ര രോഗത്താൽ വലയുന്ന സുരുക്കു മുനി, കഴുത്തു തിരിക്കുവാൻ പോലും കഴിയാത്ത വിധം തീവ്രമായ കഴുത്തു വേദനയാൽ കഷ്ടപ്പെടുന്ന ഗുരുവാരി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### റിമുലി

**ശങ്കർ പി & ജലിൻ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നോയ്ബംഗ ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി മുണ്ടയുടെ വീട് ചില മതതീവ്രവാദികൾ വളഞ്ഞു. അവൻ വിശ്വാസം ഉപേക്ഷിക്കുന്നതിനു ആഭിചാരം ചെയ്തു ഭീഷണിപ്പെടുത്തി. എന്നാൽ മുണ്ട ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. നോയ്ബംഗ ഗ്രാമത്തിലുള്ള അജയ് മുണ്ടയുടെ മുത്തശ്ശൻ നിത്യതയിൽ പ്രവേശിച്ചു. തടസ്സങ്ങളൊന്നുമില്ലാതെ ക്രിസ്തീയ ശൈലിയിൽ സംസ്കാര ശുശ്രൂഷ നടത്തി. ലൊഗ്നിപെസി ഗ്രാമത്തിലെ എതിർപ്പിന്റെ മദ്ധ്യത്തിൽ വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജമുധി, ഗുണാനിയ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലം ഇല്ലാത്തതിനാൽ വേനൽക്കാലത്തു നിർത്തിവെച്ച നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചു. കുട്ടികളുടെ ഇടയിൽ നടക്കുന്ന എല്ലാ ശുശ്രൂഷകളും ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിദ്യാഭ്യാസമുള്ള യുവതികൾ സുവിശേഷ വേലക്കായി തങ്ങളെ സമർപ്പിച്ചു മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. ജംമ്പുര ഗ്രാമത്തിൽ ആരാധന യോഗം തുടങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ പ്രവർത്തിക്കുവാൻ പ്രവർത്തകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഗസൗഖ്യം പ്രാപിച്ചതിനു ശേഷം യേശുവിനെ മറന്നു ജീവിക്കുന്നവർ യേശുവിന്റെ നന്മകൾ ഓർത്തു പ്രാപിച്ച ദൈവകൃപക്കൊത്തവണ്ണം വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 22 സെപ്റ്റംബർ ഞായർ

### ഛൈരംങ്പൂർ

**ഗുണ ചന്ദ്ര പൈക് & ക്രൂന്താഞ്ജലി**

ദുഗ്രപാനിയിൽ വിശ്വാസികൾക്കായി ഒരു ഏകദിനയോഗം സംഘടിപ്പിച്ചു. ലുക്കാസിയ ഗ്രാമത്തിൽ ആത്മാക്കളെ നേടുന്നവർക്കായി ഒരു ഏകദിന ക്യാമ്പ് നടത്തി. വേഹ സമുദായത്തിൽ സുവിശേഷ വേല ചെയ്യുന്നതിനു അവസരം ലഭിച്ചു. ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്ന പതിനൊന്നു കുടുംബം വിശ്വാസ ജീവിതത്തിൽ ശക്തി പ്രാപിച്ചു വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വയസ്സുള്ള പൈതലിന്റെ ശസ്ത്രക്രീയ വിജയകരമായി പൂർത്തീകരിച്ചു. കുച്ചിപാൽ, സുനപാട എന്നീ ഗ്രാമങ്ങളിൽ വിശ്വാസികളും അക്രൈസ്തവരും തമ്മിലുള്ള പ്രശ്നം സമാധാനപരമായി പരിഹരിച്ചു.

## ഗുജറാത്ത്

### ഛോരമ്പ & കാദോട്

**പുഷ്പരാജ് ആർ & ജോതി നിർമ്മല**

കാദോട് ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ജാട്പൂറിൽ ആദ്യമായി സംഘടിപ്പിച്ച രാത്രിയോഗത്തിൽ 25 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. രാഗിപുര, സെറിമ എന്നീ ഗ്രാമങ്ങളിൽ ക്രമീകരിച്ച സ്ത്രീകളുടെ പ്രത്യേക യോഗത്തിൽ ധാരാളം പേർ പങ്കെടുത്തു. വയലിൽ ജോലി ചെയ്യുന്ന വേളയിൽ വിഷപാമ്പിന്റെ മുമ്പിൽ പെട്ടെങ്കിലും ദൈവം അത്ഭുതകരമായി പരിപാലിച്ചു.

പ്രാരംഭ ഘട്ടമായ കാൻസർ രോഗത്താൽ കഷ്ടപ്പെടുന്ന കസവർ ഗ്രാമത്തിലെ സാവിത്രി ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹരിപുര ഗ്രാമത്തിലെ കിരൺ ബായി തന്റെ സ്ഥലം രാത്രി യോഗം നടത്തുവാൻ അനുവദിച്ചു നൽകുന്നതു പതിവായിരുന്നു. എന്നാൽ ഇപ്പോൾ മത തീവ്രവാദികളുടെ ഭീഷണിയെ തുടർന്നു അദ്ദേഹം സ്ഥലം നൽകുന്നില്ല. അയാളുടെ ഹൃദയത്തിൽ മാറ്റമുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മരണപ്പെട്ടവരുടെ സംസ്കാരം സംബന്ധിച്ച് വിശ്വാസികളും മറ്റു ഗ്രാമീണരും തമ്മിൽ ഒരു നല്ല ധാരണ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ശവം ദഹിപ്പിക്കുകയാണ് ഗ്രാമീണരുടെ അംഗീകരിക്കപ്പെട്ട ശൈലി. കിമ്പുര ഗ്രാമത്തിലെ ആരാധന യോഗത്തിൽ യൗവ്വനക്കാർ സജീവമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പ്രസവിക്കുമാറാക്കിയിട്ടു ഞാൻ ഗർഭപാത്രം അടച്ചുകളയുമോ?

ചാൻപഹാർ ഗ്രാമത്തിലെ ഗർഭിണിയായ ദുലെല്ലെ വളരെ ക്ഷീണിതയായിരുന്നു. നമ്മുടെ സഭാമൂപ്പൻ കടന്നു ചെന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു ഭവനത്തിൽ വെച്ചു തന്നെ സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. അവളും കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവളുടെ രണ്ടു അയൽക്കാരും ഞായറാഴ്ച നടത്തുന്ന ഭവന ആരാധനയിൽ സംബന്ധിക്കുന്നു.

## 23 സെപ്റ്റംബർ തിങ്കൾ
### ജന്മദിനാശംസകൾ

ശ്രീ. ദാനിയേൽ വിജയരാജ്
ശ്രീമതി. ലൂർദ്ദു മേരി ഗിരി ബാബു
ശ്രീമതി. ജാസ്മിൻ കവിത ഡെൻസിങ്

### ബഡോലി

**യേശുബാബു & ഉഷ**

വേർമാത ഗ്രാമത്തിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 50 പേർ പങ്കെടുത്തു തങ്ങളുടെ അയൽക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. സനോലി ഗ്രാമത്തിലുള്ളവർ പ്രാർത്ഥന യോഗം നടത്തുവാൻ ഞങ്ങളെ ക്ഷണിച്ചു.

സോനൽ ബൻ, പാർത്തി ബൻ, പജ്ജി ബൻ, എന്നിവർ ആരാധനയിൽ പങ്കെടുക്കുന്നതിനെ തടയുന്ന കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. രാജ്‌വി വയലിൽ നിന്നും പച്ചക്കറിയും ചുമന്നു കൊണ്ടു ഭവനത്തിലേക്കു വരുമ്പോൾ ഒരു പാമ്പ് അവനു എതിരെ വന്നു. അവൻ ഭയന്നു പച്ചക്കറി എറിഞ്ഞു കളഞ്ഞിട്ടു വീട്ടിലേക്കു ഓടി. രാത്രിയിൽ അവൻ നോക്കുമ്പോൾ പാമ്പ് അവന്റെ കട്ടിലിന്റെ കാലിൽ ചുറ്റികിടക്കുന്നു. അവൻ ഭയന്നു വിറെച്ചു. ഈ ഭയത്തിൽ നിന്നും അവൻ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### വിജയ നഗർ

**വിജയകുമാർ & സുശീല**

ഈ വർഷം ഇതുവരെയായി 66 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായ വിശ്വാസ പ്രഖ്യാപനം നടത്തി. സിക്കാരി ഗ്രാമത്തിൽ അനേക വർഷങ്ങളായി എതിർപ്പുകൾ നിലനിന്നിരുന്നു. എന്നാൽ ഇപ്പോൾ ഈ ഗ്രാമത്തിൽ ഒരു ദൈവാലയം നിർമ്മിക്കുന്നു.

വിഘ്നങ്ങളില്ലാതെ സിക്കാരി ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ദൈവനാമ മഹത്വത്തിനായി അതിന്റെ പ്രതിഷ്ഠ ശുശ്രൂഷ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ പ്രവർത്തനങ്ങളെ എതിർക്കുന്ന സോമ ഗ്രാമത്തിലെ ഹിന്ദലാലിന്റെയും ബത്തിരിലാലിന്റെയും മാനസാന്തരത്തിനായും അവരുടെ ഭ്രാന്തമായ പ്രവർത്തികൾ ഉപേക്ഷിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തിനെതിരെ ജനങ്ങളെ തിരിക്കുന്ന പുംദ്മി ഗ്രാമത്തിലെ കമലേശിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ അഞ്ചു വർഷമായി പൈശാചിക ബന്ധനത്തിൽ കഴിയുന്ന ഗോകിലയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### എഫഥാ – തുറക്കട്ടെ

രാജസ്ഥാനിലുള്ള ഖെർവട മിഷൻ വയലിൽ ഹൻജഖാരാദി ഗ്രാമത്തിലെ ഒബദ സഭാമൂപ്പന്റെ ബിന്ദാസ് അവിനാശ് താൻ ചെയ്യുന്ന പതിവ് ജോലി ചെയ്തു കൊണ്ടിരുന്ന വേളയിൽ പെട്ടെന്നു അവനു വൈദ്യുതാഘാതം ഏറ്റു. അവൻ വീടിന്റെ മുകളിൽ നിന്നു താഴെ വീണു ബോധം നഷ്ടപ്പെട്ടു. കൂടെ ജോലി ചെയ്തവർ അവനെ ആശുപത്രിയിൽ എത്തിച്ചു. അവന്റെ രക്ഷിതാക്കളെ അറിയിച്ചു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അവനു ബോധം വന്നെങ്കിലും ആറു ദിവസത്തോളം അവനു സംസാരിക്കുവാൻ കഴിഞ്ഞില്ല. സഭ അവനു വേണ്ടി നിരന്തരം പ്രാർത്ഥിച്ചു. അവനു സംസാര ശേഷിയും തിരികെ ലഭിച്ചു. ഇപ്പോൾ അവൻ കമ്പ്യൂട്ടർ പഠനം നടത്തുന്നു.

## 24 സെപ്റ്റംബർ ചൊവ്വ

## ജന്മദിനാശംസകൾ

ശ്രീമതി. നിർമ്മല മിത്രൻ
ശ്രീമതി. ശാന്തി ലാൽ കൃഷൻ കുമാർ

### നസ്വാടി : ഹെന്റി സോളമൻ & എയ്ഞ്ചൽ ജപ

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ശിഷ്യഗണത്തിലായി. ജോഗസ്പൂർ, ബട്ട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 20 സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. വിശ്വാസികൾക്കു ആത്മാക്കളെ നേടുന്നതിനുള്ള പരിശീലനം നൽകി. ഹെർമഗിരി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സുക്ലിബൻ, സന്ധ്യബായിയുടെ കുടുംബം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന കരോടി ഗ്രാമത്തിലെ സുമന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദത്വി സമുദായത്തിലെ ജനങ്ങളുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു ധാരളം ആളുകൾ വിശ്വാസത്തിലേക്കു കടന്നുവന്നു ക്രിസ്തുവിന്റെ ശിഷ്യരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സെളംമ്പ

### യുവനേശ് & ഝാൻസി റാണി

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സാവനി ഗ്രാമത്തിലെ രവിദാസിനെ കർത്താവ് സൗഖ്യമാക്കി. വയലിൽ ജോലി ചെയ്യുന്ന വേളയിൽ തന്നെ ആക്രമിക്കുവാൻ ശ്രമിച്ച പാമ്പിൽ നിന്നും ഈശ്വർബായി അത്ഭുതകരമായി രക്ഷപ്പെട്ടു. 110 പേരോടു സുവിശേഷം പങ്കുവെച്ചു. സുവിശേഷത്തോടു താൽപര്യം കാണിച്ചവർക്കു 7 വേദപുസ്തകങ്ങളും 8 പുതിയ നിമയങ്ങളും നൽകി.

ആശിഷ്, ദിലീപ് എന്നിവർ ദൈവവേലക്കായി തങ്ങളെ സ്വയം സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിലർ തമ്മിലുള്ള ശത്രുത നിമിത്തം സുലി ആരാധനക്കൂട്ടത്തിന്റെ ഐക്യം നഷ്ടപ്പെട്ടു. വിശ്വാസികൾ തമ്മിൽ ഒരുമനസ്സുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ വയലുകളിൽ നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കവാന്ത്

### അഖിലേശ് & കിരൺ ദേവി

26 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. പത്തു പുതിയ കുടുംബം വിശ്വാസത്തിലേക്കു വന്നു. പൈശാചിക ബന്ധനത്തിൽ നിന്നും നാവിജി, സൈന ബൻ എന്നിവർ വിടുതൽ പ്രാപിച്ചു. കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുന്ന ശാന്തി ബന്നിനെ പ്രാർത്ഥനയുടെ ഫലമായി കർത്താവ് സൗഖ്യമാക്കി. അജ്ഞാത രോഗത്താൽ ശയ്യവലംബനായ സുരജ് എന്ന വിശ്വാസിക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചപ്പോൾ ദൈവം കരുണ തോന്നി അവനെ സൗഖ്യമാക്കി.

സമൂഹത്തിലുണായ പീഡനം നിമിത്തം 13 കുടുംബം വിശ്വാസത്തിൽ നിന്നും പിന്മാറി. ഇവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ ഒമ്പതു മാസമായി വയറിളക്കത്താൽ കഷ്ടപ്പെടുന്ന രാമത്തിയ ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

ഉപവാസ പ്രാർത്ഥന ദിനം




ശ്രീ. ആൽബർട്ട് പ്രഭാകരൻ

## ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആസീർ സുഗുണ**

തൊണ്ടക്കു അണുബാധയുണ്ടായ സിസ്ത ഗ്രാമത്തിലെ യാശ്വന്തിനെ കർത്താവ് തൊട്ടു സൗഖ്യമാക്കി. ശ്വാസകോശത്തിലെ നീർവീക്കത്താലും ശരീരത്തിലുണ്ടാകുന്ന പുകച്ചിലിനാലും കഷ്ടപ്പെടുന്ന അൻവീർ ഗ്രാമത്തിലെ നാവാസു ബായിയെ കർത്താവ് സൗഖ്യമാക്കി. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുരംഗി ഗ്രാമത്തിലെ ദിനേശിനെ കർത്താവ് വിടുവിച്ചു. സിക്കാല ഗ്രാമത്തിലെ സോണിയ ഭായിയുടെ പശു അനേക നാളുകളായി നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. ദൈവസന്നിധിയിൽ തീഷ്ണമായി പ്രാർത്ഥിച്ചതിനെ തുടർന്നു പശു എഴുന്നേറ്റു നടക്കുവാൻ തുടങ്ങി.

കുടൽ സംബന്ധമായ രോഗത്താൽ വലയുന്നു വസുന ഗ്രാമത്തിലെ ദിലീപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രാണിയുടെ കുത്തേറ്റു മുഖത്തു നീർവീക്കമുണ്ടായ കന്നോലി ഗ്രാമത്തിലെ സുമന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദീർഘകാലമായി ആർത്തവ പ്രശ്നത്താൽ ബുദ്ധിമുട്ടുന്ന ദക്ഷണ ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### ചൊപട്

**ഭാങ്സിങ് വസാവ & യാമെൻ ബൻ**

കാന്ദ്ഹിലി ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. അബ്നേർ, റാമ്പൂർ എന്നീ ഗ്രാമങ്ങളിൽ നടന്നു കൊണ്ടിരുന്ന പ്രാർത്ഥനക്കൂട്ടങ്ങൾ ദൈനാമ മഹത്വത്തിനു സഭകളായി മാറി. മഹാദേവ് ഗ്രാമത്തിൽ നിന്നും ഒരു പുതിയ കുടുംബം വിശ്വാസത്തിലേക്കു കടന്നുവന്നു ആരാധനയോഗത്തിൽ സംബന്ധിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷമായി പൈശാചിക ബന്ധനത്താൽ വലയുന്ന സുരേഷിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്തിൽ നിന്നും രാമദാസും വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന ബിന്ദുവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**തലസാരി : ഗദ്ദാം ശ്രീനിവാസ റാവു & രാജലക്ഷ്മി**

സൻസോരി ഗ്രാമത്തിലെ ആരതി പെട്ടെന്നു മയങ്ങി വീണു. അവളെ വേഗത്തിൽ ആശുപത്രിയിലെത്തിച്ചു. തലച്ചോറിലെ ഞരമ്പു പൊട്ടിയതിനാൽ പെട്ടെന്നു ശസ്ത്രക്രീയ ചെയ്യണമെന്നു ഡോക്ടറന്മാർ നിർദ്ദേശിച്ചു. വിശ്വാസികൾ പ്രാർത്ഥിച്ചപ്പോൾ ശസ്ത്രക്രീയ കൂടാതെ ദൈവം അവളെ സൗഖ്യമാക്കി.

ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന ആറു വയസ്സുള്ള ആരുഷ് ദിനേശിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഞ്ചാത്ത്, സല്നി എന്നീ സഭകളിലെ പിന്മാറ്റക്കാർ ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടങ്ങൾ ഭംഗിയായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**26**
**സെപ്റ്റംബർ**
**വ്യാഴം**
**ജന്മദിനാശംസകൾ**

ശ്രീമതി. റബേക്കാമ്മ പോൾ
ശ്രീ. സെയിഘോതാങ് സൗ

**മോൾഗി : ബിദ്യുത് കുമാർ**

എട്ടു ഗ്രാമങ്ങളിലുള്ള 2688 പേരോടു സുവിശേഷം പ്രഘോഷിച്ചു. 14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു പുതിയ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. റാഷില ഭായിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ലീലയെ കർത്താവ് സുരക്ഷിതമായി പരിപാലിച്ചു.

സുവിശേഷത്തെ എതിർക്കുന്ന കാജർഗാഡി ഗ്രാമത്തിലെ ജഗൻഗയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കൈകാലുകളിൽ ബലഹീനത അനുഭവിക്കുന്ന അഞ്ചു വയസ്സുകാരൻ രമേശിന്റ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മോൾഗി, നർമ്മദ, വത്ഫാലി എന്നീ മിഷൻ വയലുകളിലുള്ള വിശ്വാസികളുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക.

**പാൽ**

**വെങ്കിടേശ് വദ്ദാർ & ഷീബ**

2 പുതിയ ഗ്രാമത്തിലെ 523 പേരോടു സുവിശേഷം പ്രഘോഷിച്ചു. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ സ്ത്രീകൾക്കും 13 സ്ഥലത്തു സഭാമൂപ്പന്മാർക്കും പരിശീലനം നൽകി. നമ്മുടെ വിശ്വാസിയുടെ ഭർത്താവ് വിഷപാമ്പിന്റെ ദംശനമേറ്റു രക്തം ശർദ്ദിച്ചെങ്കിലും വിശ്വാസികളുടെ പ്രാർത്ഥന നിമിത്തം ദൈവം അയാളെ സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട നിമ്മദയയെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

നാലു മാസമായ രാധ എന്ന പൈതൽ ത്വക്കു സംബന്ധമായ രോഗത്താൽ പ്രയാസപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി വിഷാദ രോഗത്താൽ വലയുന്ന സുനിലിന്റെ വിടുതലിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

**കോലാർ**

**ജോഹാൻ മാൾട്ടോ**

സുവിശേഷീകരണ പ്രവർത്തനവും സ്ത്രീകളുടെ യോഗവും വിജയകരമായി നടത്തി. അനേകർക്കു ലഘുലേഖകൾ വിതരണം ചെയ്തു. വിശ്വാസിയായ ശരത്തമ്മയുടെ സംസ്കാര ശുശ്രൂഷ ഭംഗിയായി നടത്തി. സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചവരോടു വരുവാൻ പോകുന്ന നിത്യരാജ്യത്തെക്കുറിച്ചു പങ്കുവെച്ചു. പലവിധ രോഗങ്ങളാൽ അനേക വർഷങ്ങളായി ശയ്യാവലംബയായിരുന്ന ലക്ഷ്മി സൗഖ്യം പ്രാപിച്ചു ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

സത്തരപള്ളി ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുത്രവലി, പജ്ജപാലു, ഡിങ്കനാക്ക്, അംറോസുലു എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾക്കായി ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 27 സെപ്റ്റംബർ വെള്ളി

## ജന്മദിനാശംസകൾ

കോലീൻ ഹിൽദ ഗ്രേസ്

### മാലൂർ

**കിഷന്ത ലിമ്മ & പ്രമീള**

സന്തോഷ് തന്റെ പഴയ പാപ ജീവിതം ഉപേക്ഷിച്ച് ക്രിസ്തുവിൽ പുതു ജീവിതം ആരംഭിച്ചു. സഭാമൂപ്പനായ ലോകേഷ്, സുവിശേഷ വേലയിൽ നമ്മുടെ സഹായിയായി നിൽക്കുന്ന സന്നദ്ധ പ്രവർത്തകനെയും കർത്താവ് അനുഗ്രഹിച്ചു അവരുടെ വയലിൽ നല്ല വിളവ് ലഭിച്ചു. അലമ്പാടി സഭയിലെ ഗൗരിയമ്മ വീടില്ലാതെ തെരുവിൽ കിടക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ വിശ്വാസികൾ അവൾക്കു ഒരു വാടക വീടു കണ്ടെത്തി നൽകുകയും അവളുടെ പരിപാലന ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

വെങ്കിടപ്പയെയും കുടുംബത്തെയും വലിയ കടഭാരത്തിൽ നിന്നും കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സ്വാതി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അംബികയുടെ ഭർത്താവ് അവളെ സന്തോഷത്തോടെ ആരാധനയിൽ സംബന്ധിക്കുവാൻ അനുവദിക്കുന്നു. കുടിയേറ്റ തൊഴിലാളികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. തടസ്സങ്ങളില്ലാതെ അതു വേഗത്തിൽ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷീരഹട്ടി

**അസ്ഥ പ്രപത & ദീന**

വിവാഹ മോചനത്തിന്റെ വക്കിലെത്തിയ സുനിതയും അവളുടെ ഭർത്താവും തമ്മിൽ അത്ഭുതകരമായി നിരപ്പ് പ്രാപിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേക വർഷങ്ങളായി മക്കളില്ലാതെ ഭാരപ്പെട്ട വിജയലക്ഷ്മിക്കു ഒരു പൈതലിനെ നൽകി കർത്താവ് അനുഗ്രഹിച്ചു. ലക്ഷ്മിയുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ 20 ലക്ഷം വില പറഞ്ഞ വസ്തു 11 ലക്ഷത്തിനു വാങ്ങുവാൻ ദൈവം സഹായിച്ചു.

നിരന്തരം പ്രാർത്ഥിക്കുന്ന ഗീതക്കു പോസ്റ്റൽ വിഭാഗത്തിൽ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്താൽ കഷ്ടപ്പെടുന്ന അഭിനേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യപാനിയായ ഭർത്താവിനോടും രോഗിയായ മകനോടും കൂടെ താമസിക്കുന്ന എല്ലമ്മ കർത്താവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വിധവയായ ജമീലയെ അവളുടെ സഹോദരൻ ഭവനത്തിൽ നിന്നു ഇറക്കിവിട്ടു. അവളുടെ ഉപജീവന മാർഗ്ഗത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും രുക്മ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക

### യഹോവ റാഫാ – ദൈവം സൗഖ്യമാക്കുന്നു

ഉത്തർഖാണ്ഡിൽ മുൽത്തങ്കുലർ ഗ്രാമത്തിൽ വിജയ് എന്നു പേരുള്ള ഒരു മനുഷ്യൻ ജീവിക്കുന്നു.. അയാൾ അധരത്തിലുണ്ടായ കാൻസറിനാൽ കഷ്ടപ്പെട്ടു. സംസാരിക്കുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ വെള്ളം കുടിക്കുന്നതിനോ കഴിയാതെ കഴിഞ്ഞ ആറു മാസമായി കഷ്ടപ്പെടുന്നു. അവളുടെ സഹോദരി അവനെ തന്റെ ഭവനത്തിൽ കൂട്ടിക്കൊണ്ടു വന്നു നമ്മുടെ മിഷനറിയോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. പ്രാർത്ഥനയെ തുടർന്നു വിജയ് സംസാരിക്കുവാൻ തുടങ്ങി. അവന്റെ പരിപൂർണ്ണ സൗഖ്യത്തിനായി നമുക്കു പ്രാർത്ഥിക്കാം.

**28**
**സെപ്റ്റംബർ**
**ശനി**

## ആന്ധ്രാ പ്രദേശ്

### കൊട്ടച്ചെരിവ്

**ദേശായ് ദിലീപ് & ലക്ഷ്മിബൻ**

കോട്ടച്ചെരിവ്, ബർമ്മനപ്പള്ളി എന്നീ പ്രദേശങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്തു. പെണ്ണകൊട്ട മേഖലയിൽ ഒരു സംഘം സുവിശേഷം അറിയിച്ചു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി മുത്തിയാലമ്മാൾക്കു നല്ല ഒരു ജോലി ദൈവം നൽകി അനുഗ്രഹിച്ചു.

പ്രഭാവതി, തിരുപ്പതി എന്നിവർ ദൈവാലയത്തിൽ വരുന്നതിനു എതിർപ്പു പ്രകടിപ്പിക്കുന്ന കുടുംബാംഗങ്ങൾ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. സായ് നഗറിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനും ഗ്രാമീണർ സഹകരക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഒരു കൂട്ടം ദുഷ്ടന്മാർ അഞ്ചനയുടെ വസ്തു തട്ടിയെടുക്കുവാൻ ശ്രമിക്കുന്നു. അവർ തിരികെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം ആരാധനയിൽ സംബന്ധിക്കാതിരിക്കുന്ന അഞ്ചപ്പയും നാരായണമ്മയും വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാമലച്ചെരിവ് :

**ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി**

പവിത്ര ബായിയുടെ പശുവിന്റെ വയറ്റിൽ കിടാവ് ചത്തു കിടന്നതിനാൽ വയറു വീർത്തു ജീവൻ അപകടപ്പെടുന്ന അവസ്ഥയിൽ പവിത്ര ബായി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം പശുവിനെ വിടുവിച്ചു. വെളിച്ചക്കുറവുള്ള അന്നമ്മയുടെ വീട്ടിൽ കടന്നു കൂടിയ പാമ്പിനെ കണ്ടുപിടിച്ചു കൊന്നു. മദ്യപാനിയായ ഭർത്താവിന്റെ മാനസാന്തരത്തിനായി ദിവ്യ പ്രാർത്ഥിച്ചപ്പോൾ ദൈവം അദ്ദേഹത്തെ മദ്യാസക്തിയിൽ നിന്നും വിടുവിക്കുകയും പുതിയ ഒരു ജോലി ലഭിക്കുകയും ചെയ്തു. എസ്ഥേർ അമ്മയുടെ മെഡിക്കൽ പരിശോധനയിൽ നാവിലെ കാൻസർ സുഖം പ്രാപിച്ചതായി സ്ഥിരീകരിച്ചു.

ശ്രീ ഗണേശിന്റെ തലയിലെ ട്യൂമർ നീക്കം ചെയ്യുന്നതിനായി നടത്തിയ ശസ്ത്രക്രിയ കാരണം ഒരു വശം തളർന്നു പോയി. ദൈവം അവനെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രസവത്തോടു കൂടി സംഭവിച്ച മരുമകളുടെ മരണം നിമിത്തം പിന്മാറിപ്പോയ മേഴ്സി ദാനിയേൽ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ലാവണ്യ, പവൻ എന്നിവർക്കു വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സുമലത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നു ഏബ്രഹാമിന്റെയും ശരീരത്തിൽ മുഴുവൻ പരുക്കൾ ബാധിച്ച നീലാവതിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിരവണി, റിബേക്ക എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 29 സെപ്റ്റംബർ ഞായർ

## ജന്മദിനാശംസകൾ

കുമാരി. സുഷജിത സേനാപതി

### പാലമ്നെർ

**പോൾ കുപ്പുസ്വാമി & ഷൈല**

കൊലസനംപള്ളി ദൈവാലയത്തിൽ നടത്തിയ യുവജനക്യാമ്പിൽ പങ്കെടുത്ത 30 യൗവ്വനക്കാർ അവരുടെ സമർപ്പണത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപ്പിനപ്പള്ളി ആരാധനക്കൂട്ടത്തിലെ രണ്ടു വിശ്വാസികൾ അവരുടെ ദശാംശത്തിന്റെ ഒരു ഭാഗം മിഷനറിയെ സ്പോൺസർ ചെയ്യുന്നതിനു നൽകാമെന്നു തീരുമാനമെടുത്തു. കണ്ണിനു കാഴ്ചയില്ലാത്ത വിശ്വാസിയായ എസ്ഥേറിന്റെ കാലിൽ വലിയ പരു ഉണ്ടായത് പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. ഡെങ്കി പനി ബാധിച്ച് മരണത്തോടു അടുത്ത ചന്ദ്ര, ബാലകൃഷ്ണൻ എന്നിവരെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

പിന്മാറ്റക്കാരായ മജ്ജു, സുബ്രമണി, ഗംഗമ്മ, വരലക്ഷ്മി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സെങ്കമ്മയുടെ ഭൂമി തട്ടിയെടുക്കുവാൻ ശ്രമിക്കുന്നവരെ കർത്താവ് തടയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെയും മറ്റുള്ളവരുടെയും പ്രവർത്തനത്തെ പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന ബാസ്കർ റെഡ്ഡിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### മെച്ചേരി

**ധർമ്മരാജ് & മറിയ സെൽവി**

നാലു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 1500 ലഘുലേഖകൾ വിതരണം ചെയ്തു. ഭയത്തിന്റെ ആത്മാവിൻ ബന്ധനത്തിൽ രോഗിയായി തീർന്ന തങ്കമ്മാൾ പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു. വലിയ കടഭാരത്താലും വിഷാദത്താലും കഷ്ടപ്പെട്ട ലക്ഷ്മിയുടെ കുടുംബത്തെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു. ഇപ്പോൾ അവർ സമാധാന ജീവിതം നയിക്കുന്നു.

സുവിശേഷം ശ്രവിക്കുകയും ലഘുലേഖകൾ സ്വീകരിക്കുകയും ചെയ്തവരുടെ ഉള്ളിൽ ദൈവാത്മാവ് പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്രീനിവാസൻ, പ്രീയ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാരിയപ്പൻ, മുത്തു ലക്ഷ്മി, തമിഴൻ, ധനലക്ഷ്മി, പളനിസ്വാമി, മുരുകേശൻ, ആണിയപ്പൻ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരണ്യക്കു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മണിക്കു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായും അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### കർത്താവിന്റെ താങ്ങും കരങ്ങൾ!!

തമിഴ്നാട്ടിലെ വെപ്പനപള്ളി മിഷൻ വയലിലുള്ള നമ്മുടെ വിശ്വാസിയുടെ മകൾ സത്യയും അവന്റെ മകനും ഗുരുതരമായ മോട്ടർ സൈക്കിൾ അപകടത്തിൽ പെട്ടു. അവരെ ICU വിൽ പ്രവേശിപ്പിച്ചു. പ്രാർത്ഥനയുടെ ഫലമായി അവർ പൂർണ്ണ സൗഖ്യത്തോടെ വെളിയിൽ വന്നു. ദൈവത്തിനു മഹത്വം!

## 30 സെപ്റ്റംബർ തിങ്കൾ

### ജന്മദിനാശംസകൾ

ശ്രീമതി. തുമ്പ ചൗദരി ഓം പ്രകാശ്

## വേദപുസ്തകക പരിഭാഷ

### വാർളി തർജ്ജിമ ശുശ്രൂഷ

**ഏബ്രഹാം ജി & ഹേമ**

യെശയ്യാവിന്റെ പുസ്തകത്തിലെ മൂന്നു ആദ്ധ്യായം പരിഭാഷപ്പെടുത്തി. 2 ശമുവേൽ പ്രവാചകന്റെ പുസ്തകത്തിന്റെ പരിഭാഷപ്പെടുത്തിയ 22 അദ്ധ്യയങ്ങൾ അച്ചടിച്ചു. ഉല്പത്തി, എസ്ഥേർ എന്നീ പുസ്തകങ്ങളിലെ പ്രധാന ഭാഗങ്ങൾ പരിഭാഷപ്പെടുത്തി അച്ചടിച്ചു. മത്തായി, മർക്കൊസ്, അപ്പൊസ്തല പ്രവർത്തികൾ എന്നീ പുസ്തകങ്ങൾ പരിഭാഷപ്പെടുത്തി അച്ചടിച്ചു.

2.ശമുവേൽ, യെശയ്യാവ് എന്നീ പുസ്തകങ്ങളിലെ പരിഭാഷപ്പെടുത്തിയ ഭാഗങ്ങളുടെ തെറ്റുകൾ തിരുത്തി. പ്രധാന തത്വങ്ങളുടെയും വേദവായന കാർഡിന്റെയും അക്ഷരതെറ്റുകൾ തിരുത്തി. നമ്മുടെ മിഷനറിമാരുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

മൂന്നു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം ഫലപ്രദമായി നടത്തി. മുഴു രാത്രി പ്രാർത്ഥനയിൽ 11 വ്യക്തികൾ പങ്കെടുത്തു. നമ്മുടെ വിശ്വാസി ഗൗരമ്മയെ വാഹന അപകടത്തിൽ ദൈവം പരിപാലിച്ചു. പുതിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ജീസസ് ഫിലിം പ്രദർശനം, പുതിയ ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം, സ്ത്രീകളുടെ യോഗം, മുഴു രാത്രി പ്രാർത്ഥന എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കർണ്ണാടകയിലെ ഉൻസാനഹള്ളി, ഒതി പൂരം, അർത്താക്കൽ, പസപട്ടാന, സാമന്ദിപുര എന്നീ ഗ്രാമങ്ങളിലും തമിഴ്നാട്ടിലെ ഇന്ദിര നഗർ, പായിൽക്കാടു, സിങ്കോട്ടൈ, മറിയാലം, വന്നത്തുപാട്ടടി എന്നീ ഗ്രാമങ്ങളിലും സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക രവി അശോകൻ, സെൽവകുമാർ, നാഗരാജ്, റീഗൻ, മധു, സുരേഷ് ബാബു, അനുഷ്, അപ്പിദേവി, മുവേന്ദ്രൻ എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കർത്താവ് ഭവനം പണിയുന്നു

ഹിമാചൽ പ്രദേശിലെ ബങ്കലി ഗ്രാമത്തിലുള്ള നാരായൺ സിങ് തന്റെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ച് വീടു പണി ആരംഭിച്ച്. ഗ്രാമത്തിലെ ആചാരം അനുസരിച്ച് വീടു പണി ആരംഭിക്കുമ്പോൾ ഗ്രാമത്തിൽ മദ്യ സൽക്കാരം നടത്തണം. എന്നാൽ നാരായൺ സിങ് അതിനു തയ്യാറായില്ല. ഈ തിന്മ താൻ ചെയ്കയില്ലെന്നു ഗ്രാമത്തിലുള്ളവരോടു പറഞ്ഞു. നിർമ്മാണം തുടങ്ങിയപ്പോൾ ഗ്രാമത്തിലുള്ള ഒരാൾ പോലും വന്നില്ല. വിശ്വാസികൾ ഒത്തുച്ചേർന്ന് പ്രാർത്ഥിച്ച് പണി ആരംഭിച്ചു.. പണി ഇടയ്ക്കു നിർത്തേണ്ടി വരുമെന്നു ഗ്രാമീണർ ചിന്തിച്ചു. എന്നാൽ സർവ്വശക്തനായ ദൈവം വീടു പണി പൂർത്തീകരിക്കുവാൻ സഹായിച്ചു. ഭവനത്തിന്റെ സമർഷണ ശുശ്രൂഷയിൽ ഗ്രാമത്തിലുള്ളവരരുടെ മുമ്പാകെ നാരായൺ സിങ് തന്റെ സാക്ഷ്യം പ്രസ്താവിച്ചു.

We want to help you to be in touch with...
Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................ **Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION :** **Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :**....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............. **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508
**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189
**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**397**
**മിഷനറി ആൽബം**

മണിപ്പൂറിലുള്ള ഉഖ്റൂൽ ജില്ലയിലെ എൽ ചിങ്ഫൈയ് ഗ്രാമത്തിൽ പരേതരായ ശ്രീ. തോങ്മാങ് ബൈറ്റിന്റെയും ശ്രീമതി നെംചിന്നിന്റെയും മകനായി 1.3.1981 ൽ മിഷനറി റവ. ലെത്ഖോലുൻ ബൈറ്റ് ജനിച്ചു. ഇരുപത്തിയൊന്നാം വയസ്സിൽ 2000 ആണ്ടിൽ വീട്ടിനുള്ളിൽ പ്രാർത്ഥിക്കുന്ന വേളയിൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അതിനു ശേഷം തന്റെ ഒരേ ഒരു ജീവിതം കർത്താവിന്റെ വേലക്കായി സമർപ്പിച്ചു. ആരംഭത്തിൽ ഒരു വർഷം ഒരു സുവി ശേഷകനായി പ്രവർത്തിച്ചു. ആ സമയം പൊളിറ്റിക്കൽ സയൻസിൽ BA ബിരുദം നേടുവാൻ ദൈവം കരുണ ചെയ്തു. തുടർന്നു ചില ദിവസങ്ങളിലെ ഉപവാസ പ്രാർത്ഥനക്കൊടുവിൽ ദൈവശാസ്ത്ര പഠനത്തിനു അവസരം ലഭിച്ചു. ത്രുലോക് തിയോളജിക്കൽ സെമിനാരിയിൽ നിന്നു BD പഠനം (2003-2009) പൂർത്തീകരിച്ചു. പഠനം പൂർത്തീകരിച്ച ഉടനെ FMPB യിൽ നിന്നു ക്ഷണം ലഭിക്കുകയും 2009 ൽ മിഷനറിയായി FMPB യിൽ ചേർന്നു.

പരേതനായ ശ്രീ. എൽഡർ ജാംസി ബൈറ്റിന്റെയും ശ്രീമതി നെംഗ്ലാം ബൈറ്റി ന്റെയും മകളായി സഹോദരി ഹത്നെകിം ബൈറ്റ് 22/4/1987 ൽ ജനിച്ചു. മണി പ്പൂരിലുള്ള കംഗ്ലൂയ് ജില്ലയിലെ തേരബൊംഗ് ഗ്രാമത്തിലാണ് സഹോദരി ജനിച്ചത്. തെരെബൊംഗ് ഗ്രാമത്തിൽ 2008 ൽ കുട്ടികൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ വെച്ച് ഹത്നെകിം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ BA ബിരുദം കരസ്ഥമാക്കുവാൻ ദൈവം അവളെ സഹായിച്ചു. അതിനു ശേഷം അവൾ കർത്താവിന്റെ വേലക്കായി തന്റെ ജീവിതം സമർപ്പിച്ചു. 2011 ൽ FMPB യിൽ ചേർന്നു. 2012 ൽ NIM ൽ മിഷനറി പരിശീലനം പൂർത്തീകരിച്ചു. ബി. ഫാച്ചിയം പ്രിസ്ബിറ്റേറിയൻ ചർച്ചിൽ വെച്ചു റവ. ലെത്ഖോലുനും ശ്രീമതി ഹത്നെകിമും തമ്മിലുള്ള വിവാഹം നടന്നു. അവർ കുടുംബമായി ജാർഖണ്ഡിൽ സന്താളിക ളുടെ ഇടയിൽ പ്രവർത്തിക്കുന്നു. മൊറെയിൽ വെച്ചു മണിപ്പൂർ പ്രിസ്ബിറ്റേറിയൻ സിനഡ് അദ്ദൈഹത്തിനു കശ്ശീശാ പട്ടം നൽ കി ആദരിച്ചു. ഇതുവരെയുള്ള പ്രവർത്തന ത്തിലൂടെ 2000 ത്തിലധികം ആത്മാക്കളെ നേടി 15 ആരാധനക്കൂട്ടങ്ങൾ ഉരുവാക്കി. ജാർഖണ്ഡിലെ സന്താൾ ദുംക റീജിയനിൽ എട്ടു ദൈവാലയം പണി കഴിപ്പിച്ചു.

ദൈവം അവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൾ ചിന്നൈൽഹിങ് @ ജന്നി ബൈറ്റ് (6/6/2013) അഞ്ചാം ക്ലാസ്സിലും ഇളയമകൻ മാങ്മിൻതാങ് @ ജോസഫ് ബൈ റ്റ് (4/3/2015) മൂന്നാം ക്ലാസ്സിലും ദീമാപൂർ ബേത്സയിദ ഹയർ സെക്കണ്ടറി സ്കൂളിൽ പ ഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങ ളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.



**റവ. ലെത്ഖോലുൻ ബൈറ്റ് & ശ്രീമതി. ഹത്നെകിം കുടുംബം**




***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***